# PALAKKAD RUPATHA BULLETIN

Published: Monthly

DIOCESE OF PALGHAT

**Editor**
Fr. Jaimon Pallineerakkal

Bishop's House, Noorani P.O., Palakkad - 678004
Fax: 0491/2525129
E-mail: palghat_diocese@dataone.in
Website: www.palghatdiocese.org

## *Festal Greetings*

**August 4**
**ST. JOHN MARIA VIANI**

Fr. Olakkengal John Maria Viani

**August 8**
**ST. DOMINIC**

Fr. Dominic Aippenparampil

**August 28**
**ST. AUGUSTINE**

Fr. Kulathinkal Roy
Fr. Kodakasseril Jomis

351/2010
28-07-2010

# ഇടയലേഖനം-104

# ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

മിശിഹായിൽ പ്രിയപ്പെട്ടവരെ,

ക്രൈസ്തവവിശ്വാസജീവിതത്തിൽ ഇടവകത്തിരുനാളുകൾക്ക് അതീവപ്രാധാന്യമുണ്ട്. ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തികളാണ് തിരുനാളുകൾ വിളംബരം ചെയ്യുന്നത് (SC -111). വിശ്വാസത്തിൽ ആഴപ്പെടാനും ഇടവകക്കൂട്ടായ്മയിൽ വളരാനും തിരുനാളുകൾ സഹായിക്കണം. തിരുനാളാഘോഷങ്ങൾ ആർഭാടത്തിനും ധൂർത്തിനുമുള്ള അവസരമല്ല, അവയിൽ ലാളിത്യം തെളിഞ്ഞുനില്ക്കണം (SC 34). ഈശോയുടെയും ഇടവക മധ്യസ്ഥരുടെയും വിശുദ്ധരുടെയും മാലാഖമാരുടെയും തിരുനാളുകൾ ആചരിക്കാനും അവരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കാനും വണങ്ങാനും വിശ്വാസികൾക്കു കടമയുണ്ട് (CCC 1162; Nicaea 11:DS 600; Trent Session 25; SC 41,125). ഇടവകത്തിരുനാളുകൾ വിശ്വാസപാരമ്പര്യത്തിന്റെയും ആരാധനാക്രമപൈതൃകത്തിന്റെയും പ്രകാശനമാണ്. നമ്മുടെ തിരുനാളാഘോഷങ്ങളിൽ കടന്നുകൂടിയിരിക്കുന്ന ആർഭാടത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും 2010 ജൂൺ 8 മുതൽ 10 വരെ കൊച്ചിയിൽ ചേർന്ന കേരള കത്തോലിക്കാ മെത്രാൻസമിതി വിശദമായി ചർച്ചനടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചില അജപാലനമാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുകയുണ്ടായി. അവയാണ് താഴെ കൊടുക്കുന്നത്. തിരുനാൾ, ഊട്ടുനേർച്ച, നൊവേന എന്നിവ ഈ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുവേണം നമ്മുടെ രൂപതയിൽ നടത്തേണ്ടത്.

1. ഓരോ ഇടവകസമൂഹത്തിനും ആത്മീയശുശ്രൂഷ ചെയ്യാനുള്ള ഉത്തരവാദിത്വം അതത് ഇടവകവികാരിമാരിലാണു നിക്ഷിപ്തമായിരിക്കുന്നത്. തിരുനാളുകളും ഇടവകദൈവാലയത്തിലെ ഇതര ആഘോഷങ്ങളും ഒരിക്കലും വാണിജ്യവത്ക്കരിക്കപ്പെടരുത്. തിരുനാളുകളുടെ ആത്മീയ ചൈതന്യം നിലനിറുത്താൻ ഏവരും ശ്രദ്ധിക്കണം.





2. തിരുനാളിന്റെയോ നൊവേനയുടെയോ ഭാഗമായി സംഘടിപ്പിക്കുന്ന നേർച്ചസദ്യ, ഊട്ടുനേർച്ച തുടങ്ങിയവ കഴിവതും ഇടവകസമൂഹത്തിന്റെ മാത്രം പരിപാടിയായി നടത്തുന്നതാണ് ഉത്തമം. ഓരോ തിരുനാളും ഇടവകയുടെ ആത്മീയ പരിപോഷണം ലക്ഷ്യം വച്ചുകൊണ്ടാണല്ലോ നടത്തപ്പെടേണ്ടത്. മതസൗഹാർദ്ദവും സാഹോദര്യവും കൂട്ടായ്മയും ഉദ്ദേശിച്ചുകൊണ്ട് പ്രത്യേക അവസരങ്ങളിൽ ഇടവകാതിർത്തിക്കുള്ളിലുള്ള ഇതര മതസ്ഥരെയും ഇതിലേക്കു ക്ഷണിക്കുന്നത് മാതൃകാപരമായിരിക്കും.
3. തിരുനാൾ, നൊവേന, ധ്യാനം, ഇടവകയിൽ നടത്തപ്പെടുന്ന ബൈബിൾ കൺവെൻഷൻ, ഊട്ടുനേർച്ച തുടങ്ങിയവയുടെ പരസ്യങ്ങൾ വിപണനക്കാർ ചെയ്യുന്നതുപോലെ വലിയ ഹോർഡിങ്ങുകൾ, ഫ്ളെക്സ് ബോർഡുകൾ എന്നിവയിലൂടെ നല്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. വലിയ തീർത്ഥാടനകേന്ദ്രങ്ങളുടെയും ധ്യാനകേന്ദ്രങ്ങളുടെയും പരസ്യങ്ങൾ ഇടവകയ്ക്കു പുറത്തു നല്കേണ്ടിവരുന്ന സാഹചര്യത്തിൽ വേണ്ടത്ര വിവേകം ബന്ധപ്പെട്ടവരും വികാരിമാരും കാണിക്കണം. 'മഹാ ഊട്ടുനേർച്ച്', 'അദ്ഭുതരോഗശാന്തിധ്യാനം' തുടങ്ങിയ പദപ്രയോഗങ്ങൾ ഒഴിവാക്കണം.
4. ഇടവക ദൈവാലയത്തിലെ പ്രധാന തിരുനാളുകൾ കൂടാതെ ഇടവക അതിർത്തിക്കുകീഴിൽ വരുന്ന കുരുശടികളിലും കപ്പേളകളിലും തിരുനാളുകൾ വലിയ തോതിൽ നടത്തുന്ന പ്രവണത തീർത്തും നിരുത്സാഹപ്പെടുത്തണം. കപ്പേളകളും, കുരിശടികളും ഇടവകകളും തമ്മിൽ മത്സരബുദ്ധിയോടെയും വലിയ ആർഭാടത്തോടെയും തിരുനാളുകൾ നടത്തുന്നതും നിയന്ത്രിക്കപ്പെടേണ്ടതാണ്.
5. തിരുനാളാഘോഷങ്ങൾ പ്രധാനമായും ആത്മീയ ഉണർവിനും ജീവിതനവീകരണത്തിനും കൂട്ടായ്മ പരിപോഷണത്തിനും സഹായകമാണെന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം. ആഘോഷങ്ങളുടെ പേരിൽ പണം ധൂർത്തടിക്കാൻ ഒരിക്കലും ഇടവരരുത്. തിരുനാളുകൾ നടത്താൻ ഇടവകകൾ ചെലവഴിക്കുന്ന തുകയുടെ നിശ്ചിതശതമാനം സാമൂഹികപ്രവർത്തനത്തിനും ദരിദ്രരെ സഹായിക്കുന്നതിനും വേണ്ടി മാറ്റിവയ്ക്കണം. മൊത്തം തുകയുടെ പത്ത് ശതമാനമെങ്കിലും ഉപവിപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

6. ക്രിസ്തുകേന്ദ്രീകൃതഭക്തിയിൽ നിന്ന് വിശ്വാസികളെ അകറ്റുന്ന പുതിയ ഭക്താഭ്യാസങ്ങളും നേർച്ചാരീതികളും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. ഊട്ടുനേർച്ചയ്ക്കും മറ്റും നല്കപ്പെടുന്ന അമിത പ്രാധാന്യം ഇത്തരത്തിലുള്ളതാണ്. പായസം, തമുക്ക് തുടങ്ങിയ നേർച്ചവസ്തുക്കൾ ലാഭം ലക്ഷ്യംവച്ചുകൊണ്ട് വില്പന നടത്തുന്നത് അഭികാമ്യമല്ല.
7. തിരുനാൾ ആഘോഷ തിരുക്കർമ്മങ്ങൾ വൈകുന്നേരങ്ങളിലാണെങ്കിൽ രാത്രി ഏഴുമണിക്കു മുമ്പ് അവ സമാപിപ്പിക്കണം. തിരുനാളുകളോടനുബന്ധിച്ച് മനുഷ്യരെ നന്മയിലേക്കു നയിക്കാനുതകുന്ന കലാപരിപാടികളേ നടത്താവൂ. നമ്മുടെ സംസ്കാരത്തിനും പൈതൃകത്തിനും നല്ല പാരമ്പര്യങ്ങൾക്കും ക്രൈസ്തവമൂല്യങ്ങൾക്കും ഭംഗമുണ്ടാക്കുന്ന പരിപാടികൾ ദൈവാലയാങ്കണത്തിൽ അരങ്ങേറരുത്.
8. തിരുനാൾ, നൊവേന, ജൂബിലി തുടങ്ങിയ ആഘോഷങ്ങൾക്ക്, ആർഭാടത്തിനുവേണ്ടി ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നത് അഭിലഷണീയമല്ല. രൂപതയ്ക്കു പുറത്തുള്ള മെത്രാന്മാരെ ക്ഷണിക്കുന്നപക്ഷം, രൂപതക്കച്ചേരിയിൽ നിന്ന് മുൻകൂട്ടി അനുവാദം രേഖാമൂലം വാങ്ങേണ്ടതാണ്.
9. തിരുനാളാഘോഷങ്ങൾക്ക് ഇതര പള്ളികളിൽ നിന്ന് സ്വർണക്കുരിശുകൾ, വെള്ളിക്കുരിശുകൾ എന്നിവ വാടകയ്ക്കു വാങ്ങുന്നതും കൊടുക്കുന്നതും നിരുത്സാഹപ്പെടുത്തണം.
10. തിരുനാൾപ്രദക്ഷിണം ഭക്തിനിർഭരമായും ഗതാഗതത്തിനു തടസ്സം വരാതെയുമാണു നടത്തേണ്ടത്. തിരുനാളാഘോഷങ്ങൾ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ടു സൃഷ്ടിക്കാതെ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തിരുനാൾ പ്രദിക്ഷണങ്ങൾക്ക് പോലീസിൽനിന്ന് മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം. ഇക്കാര്യത്തിൽ നിയമപാലകർ നല്കുന്ന നിർദ്ദേശങ്ങൾ കാർക്കശ്യത്തോടെ പാലിക്കപ്പെടണം.
11. തിരുനാളിന്റെ ഭാഗമായി കണ്ടുവരുന്ന കരിമരുന്നുപ്രയോഗം നിരുത്സാഹപ്പെടുത്തേണ്ടതാണ്. വെടിക്കെട്ടുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഇത് ഏറെ സഹായകമാകും. ഒപ്പം, തിരുനാൾച്ചെലവു കുറയ്ക്കാനും ഇതു ഉപകരിക്കും. വെടിക്കെട്ടുകൾ നടത്തുന്ന സാഹചര്യത്തിൽ, രാജ്യത്തു നിലവിലുള്ള നിയമങ്ങളും സുരക്ഷാമാനദണ്ഡങ്ങളും കർക്കശമായി പാലിക്കേണ്ടതാണ്.
12. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന രീതിയിലുള്ള ഫ്ളക്സ്,





പ്ലാസ്റ്റിക് എന്നിവയുടെ ഉപയോഗം, തിരുനാളവസരങ്ങളിൽ നിയന്ത്രിക്കണം. ശബ്ദമലിനീകരണം ഉളവാക്കുന്ന ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ തിരുനാളവസരങ്ങളിൽ കർക്കശമായി പാലിക്കപ്പെടേണ്ടതാണ്.

ഇടവകകളിലെ തിരുനാൾ ആഘോഷങ്ങൾ വിശ്വാസ വളർച്ചയ്ക്കും ജീവിത നവീകരണത്തിനും ഉപകരിക്കത്തക്കവിധം നടത്തേണ്ടതാണെന്ന് 2009 ഡിസംബർ മാസത്തിലെ ഇടയലേഖനത്തിൽ ഞാൻ നിർദ്ദേശിച്ചിരുന്നു. അതുതന്നെയാണ് കേരള കത്തോലിക്കാ മെത്രാൻ സമിതിയും നിർദ്ദേശിക്കുന്നത്. നമ്മുടെ എല്ലാ ആഘോഷങ്ങളുടെയും പ്രധാന ലക്ഷ്യം വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയാണ്. ഈശോയുടെ ഉത്തമ അനുയായികളായിത്തീരുവാനും അവിടുത്തേക്ക് ജീവൽസാക്ഷ്യം നൽകിയ വിശുദ്ധരുടെ മാതൃക അനുകരിച്ച് ജീവിക്കാനും തിരുനാൾ ആഘോഷങ്ങൾ പ്രചോദനമേകണം. തിരുനാളുകൾ അവയുടെ സ്വഭാവത്തിനും ചൈതന്യത്തിനും ചേർന്നവിധം ആഘോഷിച്ചുകൊണ്ട് വിശ്വാസത്തിലും ശരണത്തിലും സ്നേഹത്തിലും വളരുവാൻ ദൈവം നമ്മെ അനുഗ്രിക്കട്ടെ.

രൂപതയുടെ ആരംഭം മുതൽ 1997 വരെ നമ്മുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി സ്നേഹ ശുശ്രൂഷചെയ്തു കടന്നുപോയ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ പതിമൂന്നാം ചരമ വാർഷികം ആഗസ്റ്റ് 23-ാം തിയ്യതിയാണല്ലോ. അന്നേദിവസമോ സൗകര്യപ്പെടുന്ന മറ്റൊരു ദിവസമോ പിതാവിന്റെ ആത്മശാന്തിക്കുവേണ്ടി ഇടവകകളിലും സ്ഥാപനങ്ങളിലും ദിവ്യബലിയർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം ആഗസ്റ്റ് 8-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേരളത്തിലെ വോട്ടർമാർക്ക് കെ.സി.ബി.സി. നല്കുന്ന ആഹ്വാനം

പ്രിയ സഹോദരീ സഹോദരന്മാരേ,

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനു കേരളം ഒരുങ്ങുന്ന സമയമാണല്ലോ ഇത്. വരുംവർഷങ്ങളിൽ നമ്മുടെ നാട്ടിലും നഗരങ്ങളിലും നടക്കേണ്ട ഭരണശൈലിയും നയങ്ങളും നിലപാടുകളും നിർണയിക്കപ്പെടുന്ന ഈ അവസരം ഏറെ പ്രധാനപ്പെട്ടതാണെന്നു പറയേണ്ടതില്ലല്ലോ. കേന്ദ്രസംസ്ഥാന ഭരണതലങ്ങളിൽ അധികാരവും സമ്പത്തും ശക്തിയും കേന്ദ്രീകരിച്ചിരുന്ന അവസ്ഥയിൽ നിന്ന്, വികേന്ദ്രീകരണം വഴി വൻതോതിൽ അവ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. വികസനത്തിലും വളർച്ചയിലും സംസ്ഥാനത്തിന്റെ പൊതുസമ്പത്ത് വിനിമയം ചെയ്യുന്നതിൽ ത്രിതലപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കുമുള്ള പങ്ക് അങ്ങനെ വലുതായിരിക്കുന്നു. ഉത്തമരും പ്രാപ്തരും പൊതുനന്മയ്ക്കായി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും സേവനമനഃസ്ഥിതിയുള്ളവരും മൂല്യങ്ങൾക്കു വിലകല്പിക്കുന്നവരും ദൈവവിശ്വാസമുള്ളവരും ഇൻഡ്യയുടെ ജനാധിപത്യസംവിധാനവും ഭരണഘടനാസ്ഥാപനങ്ങളും അംഗീകരിക്കുന്നവരും ഭരണതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടാലേ ഇക്കാര്യങ്ങളെല്ലാം ഫലപ്രദമായി നടക്കുകയുള്ളൂ.

കീഴ്ഘടക ശാക്തീകരണതത്ത്വം (Principle of Subsidiarity) സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഒന്നാണ്. സാമ്പത്തികമായും നിയമപരമായും സംവിധാനപരമായും ഉയർന്ന ശ്രേണിയിലുള്ളവർ കീഴ്ഘടകങ്ങളെ സഹായിക്കുന്നതാണ് ഈ തത്ത്വം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അങ്ങനെയേ വികസനം എല്ലായിടത്തും എത്തൂ (സത്യത്തിൽ സ്നേഹം, 57). ഉന്നതതലത്തിലുള്ള സംവിധാനങ്ങൾ താഴേ തലങ്ങളിലുള്ള സംവിധാനങ്ങളുടെ ന്യായമായ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന രീതിയിൽ ഇടപെടരുത്. മറിച്ച്, അവയുടെ സ്വയംപരമാധികാരവും സ്ഥാനവും അംഗീകരിക്കപ്പെടണം. സമൂഹത്തിന്റെ മറ്റു തലങ്ങളിലുള്ള പ്രവർത്തനങ്ങളുമായി അവയെ കോർത്തിണക്കാൻ സഹായിക്കണം. എപ്പോഴും പൊതുനന്മ ലക്ഷ്യംവച്ചായിരിക്കണം അങ്ങനെ ചെയ്യുന്നത്. സഭ മുറുകെ പിടിക്കുന്ന ഈ തത്ത്വമനുസരിച്ചുള്ള പ്രവർത്തനമാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതുവഴി സംഭവിക്കുന്നത്. അത് അഭികാമ്യമായ കാര്യമാണ്.



Palakkad Rupatha Bulletin August 2010

എന്നാൽ, ഇക്കാര്യം നാം അർഹിക്കുന്ന പ്രാധാന്യത്തോടെ കൈകാര്യംചെയ്യുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. പങ്കാളിത്ത ജനാധിപത്യം വിഭാവനം ചെയ്യുന്ന പഞ്ചായത്ത് രാജിന്റെ പ്രധാന പ്രവർത്തനമാണ് ഗ്രാമസഭകൾ. ഒരു വാർഡിലെ മുഴുവൻ വോട്ടർമാരും ഗ്രാമസഭയിൽ അംഗങ്ങളാണ്. മൂന്നു മാസത്തിലൊരിക്കൽ കൂടേണ്ട ഈ യോഗത്തിലാണ് ആസൂത്രണം, പദ്ധതി നിർവഹണം, വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ നടത്തപ്പെടുന്നത്. ഈ രംഗത്ത് ജനങ്ങൾ പൊതുവേ നിസ്സംഗത പുലർത്തുന്നതുകൊണ്ടും വേണ്ടത്ര പേർ സന്നിഹിതരാകാത്തതുകൊണ്ടും അഴിമതി തുടരുകയും പദ്ധതികൾ പ്രാധാന്യമനുസരിച്ചും ആവശ്യമനുസരിച്ചും നടത്താൻ കഴിയാതെ വരുകയും ചെയ്യുന്നു. ഇതിനൊരു മാറ്റമുണ്ടാകണം. എല്ലാവരും സജീവമായും ഉത്തരവാദിത്വബോധത്തോടെയും പൊതുനന്മ ലക്ഷ്യവച്ചും ഗ്രാമസഭകളിൽ പങ്കുചേരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അങ്ങനെ ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടാൻ ഇടയാകട്ടെ. എന്തെന്നാൽ ജനാധിപത്യം ഫലപ്രദമാകുന്നത് ജനങ്ങൾ ഭരണഘടനാധിഷ്ഠിതമായ സ്ഥാപനങ്ങളോട് സഹകരിക്കുന്നതിനെയും സംവിധാനങ്ങൾ അവയുടെ യഥാർത്ഥഘടന സംരക്ഷിക്കാൻ ജാഗ്രത പുലർത്തുന്നതിനെയും ആശ്രയിച്ചാണിരിക്കുന്നത്.

രാഷ്ട്രീയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതു സംബന്ധിച്ച് കത്തോലിക്കാസഭയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സഭയുടെ സാമൂഹികപ്രബോധനം നന്നായി ഉൾക്കൊണ്ട് രാഷ്ട്രീയജീവിതത്തിൽ സജീവമായി ഇടപെടുകയെന്നത് വിശ്വാസികളുടെ ഗൗരവപൂർണമായ കടമയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു(cf അല്മായ പ്രേഷിതത്വം, 4; തിരുസഭ, 36). രാഷ്ട്രീയരംഗം അഴിമതിയും അധാർമ്മികതയും നിറഞ്ഞതാണെന്നു പറഞ്ഞ് ക്രൈസ്തവന് അതിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല. നിത്യനഗരം ഇവിടെയല്ല, സ്വർഗത്തിലാണെന്നു കരുതി (cf ഹെബ്രാ 11:13-16; ഫിലി 3:20) രാഷ്ട്രനിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെടാതിരിക്കാനുമാവില്ല. സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് ഭൗതികക്രമം കെട്ടിപ്പടുക്കാൻ ക്രൈസ്തവർക്ക്, പ്രത്യേകിച്ച്, അല്മായവിശ്വാസികൾക്ക്, ഉത്തരവാദിത്വമുണ്ടെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലും ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ 'അല്മായവിശ്വാസികൾ' എന്ന അപ്പസ്തോലികരേഖയും അടിവരയിടുന്നു (സഭ ആധുനികലോകത്തിൽ, 43: അല്മായവിശ്വാസികൾ, 59). നല്ല ചിന്തയും ആദർശങ്ങളും പങ്കുവച്ചും ജനാധിപത്യത്തിന്റെ വ്യത്യസ്ത ഗ്രൂപ്പുകളിൽപ്പെട്ടവരുമായി സംഭാഷണത്തിലും കൂട്ടായപ്രവർത്തനങ്ങളിലും ഏർപ്പെട്ടും നീതിനിഷ്ഠമായ ഒരു സമൂഹം കെട്ടിപ്പടുക്കണം. മനുഷ്യജീവന്റെ മഹത്ത്വം, സ്വാതന്ത്ര്യം, കുടുംബത്തെ സംബന്ധിക്കുന്ന സത്യം, അതിന്റെ നന്മ, പൊതുനന്മയ്ക്കായുള്ള പരിശ്രമം, ആവശ്യത്തിലിരിക്കുന്നവരുമായുള്ള



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ഐക്യദാർഢ്യം എന്നിവ സമൂഹത്തിൽ പരിപോഷിപ്പിക്കാനാണ് നാം പരിശ്രമിക്കേണ്ടത്. യഥാർത്ഥ മാനുഷിക നിർമ്മിതിയുടെ 'മൂലക്കല്ല്' "വഴിയും സത്യവും ജീവനുമായ" (യോഹ 14:6) ക്രിസ്തുവാണെന്ന ബോധ്യത്താൽ നിറഞ്ഞു വേണം ക്രൈസ്തവർ തങ്ങളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനെന്ന് വിശ്വാസതിരുസംഘത്തിന്റെ *രാഷ്ട്രീയജീവിതത്തിൽ കത്തോലിക്കരുടെ ഇടപെടലിനെയും പെരുമാറ്റത്തെയും കുറിച്ചുള്ള ചില കുറിപ്പുകൾ* എന്ന മാർഗരേഖയും വ്യക്തമാക്കുന്നു (ജനുവരി 12, 2003). സ്നേഹമാണ് രാഷ്ട്രസമർപ്പണത്തിനും നീതിയിലും സത്യത്തിലും അധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിനും ക്രൈസ്തവരെ പ്രേരിപ്പിക്കേണ്ടത് (സത്യത്തിൽ സ്നേഹം 7). തെറ്റായ സിദ്ധാന്തങ്ങൾക്കപ്പുറം പോകുന്ന ശരിയായ രാഷ്ട്രീയ വിജ്ഞാനം നവമായി വീണ്ടെടുക്കുകയെന്നതും ഇന്നിന്റെ വലിയ ആവശ്യമാണ് (ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പൊന്തിഫിക്കൽ അല്മായ കൗൺസിൽ അംഗങ്ങൾക്ക് നല്കിയ സന്ദേശം, 21 മെയ് 2010). വ്യക്തിയെ ദൈവത്തിൽ നിന്നും രാഷ്ട്രീയത്തെ എല്ലാ ധാർമ്മികതയിലും നിന്നും അകറ്റുന്നതല്ല ശരിയായ രാഷ്ട്രീയസേവനമെന്നും നാമറിയണം. ഓരോ വ്യക്തിയുടെയും എല്ലാ മനുഷ്യരുടെയും സമഗ്രനന്മയും പൊതുനന്മയും സമന്വയിപ്പിച്ചു കൊണ്ടുപോകാൻ സമർപ്പണം നടത്തുന്നവരുടെ തലമുറ ഉണർന്നെണീക്കാൻ ഇടയാകണം.

ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിൽ, കേരളത്തിലേതുപോലെ ഇടുങ്ങിയ കക്ഷിരാഷ്ട്രീയത്തിന്റെ കടന്നുകയറ്റം ത്രിതല പഞ്ചായത്തുകളുടെ വിവിധ പ്രവർത്തനങ്ങളിൽ ഉണ്ടെന്നു തോന്നുന്നില്ല. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം മൂലം യഥാർത്ഥ വികസനത്തിനും ദരിദ്രർക്കും അർഹിക്കുന്നവർക്കും വേണ്ട സഹായം ലഭിക്കുന്നതിനും തടസ്സമാകുന്ന അനുഭവങ്ങൾ ധാരാളമാണ്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ ഓരോ പൗരനും നിതാന്തജാഗ്രത പുലർത്തണം. സാമൂഹികനീതി, സാമൂഹികവളർച്ച, യഥാർത്ഥ ജനാധിപത്യം, ഭരണഘടനാനുസൃതമായ മതാത്മക മതേതരത്വം, അതിന്റെ തന്നെ ഭാഗമായ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശം, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നില്ക്കുന്നവരുടെയും ആദിവാസികളുടെയും ദളിതരുടെയും പുരോഗതി എന്നിവ ഉറപ്പാക്കാൻ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കൂടുതൽ കഴിയുന്നത്. വർഗീയത, വർഗവിദ്വേഷം, വിദ്വേഷപ്രചാരണം, അക്രമം, നിരീശ്വരവാദം, ലക്ഷ്യം നേടാൻ ഏതു മാർഗവും ഉപയോഗിക്കൽ എന്നിവ വ്യക്തിജീവിതത്തിനും പൊതുജീവിതത്തിനും അപകടകരമാണെന്നതിൽ സംശയമില്ല. സമാധാനവും വികസനവും ആഗ്രഹിക്കുന്നവർ ഈ തിന്മകൾക്കെതിരേ അണിചേരണം.

അതുപോലെതന്നെ പ്രധാനപ്പെട്ട കാര്യമാണ്, നമ്മുടെ നാട്ടിൽ ക്രമാതീതമായി വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന് എന്നിവ ചെറുക്കാൻ





കഴിയുന്നവരും സ്വയംഭരണ അധികാരസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടണമെന്നത്. കാരണം, ഈ തിന്മകൾക്കെതിരെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നതും കഴിയേണ്ടതും പ്രാദേശിക ഭരണാധികാരികൾക്കുതന്നെയാണ്.

തിരഞ്ഞെടുപ്പിൽ പല തന്ത്രങ്ങളും രാഷ്ട്രീയ പാർട്ടികൾ ആവിഷ്കരിക്കാറുണ്ട്. എതിരാളിയുടെ പേരിനോടു സാദൃശ്യമുള്ള അപരന്മാരെ അവതരിപ്പിച്ച് വേണ്ടത്ര സൂക്ഷ്മതയില്ലാത്ത വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കുന്നതുവഴി നല്ല സ്ഥാനാർത്ഥിക്കു കിട്ടാൻ സാധ്യതയുള്ള വോട്ടുകൾ കുറയ്ക്കുക, തങ്ങളുടെ പാർട്ടിക്ക് ജയസാധ്യത കുറഞ്ഞ മേഖലകളിൽ വോട്ടുനേടാൻ പറ്റുന്ന വ്യക്തികളെ പിന്തുണച്ച് സ്വതന്ത്രന്മാരായി മത്സരിപ്പിച്ച് പരോക്ഷമായ വിജയം നേടുക എന്നിവ അത്തരത്തിലുള്ളവയാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ ഇത്തരം സ്വതന്ത്രന്മാരെ രാഷ്ട്രീയ പാർട്ടികൾ വ്യാപകമായി അവതരിപ്പിച്ചേക്കാം. സ്വതന്ത്രൻ എന്ന നിലയിൽ മത്സരിപ്പിക്കുന്നത് പൊതുജനത്തെ സ്വാധീനിക്കാൻ കഴിയുന്ന നല്ല വ്യക്തികളെയായിരിക്കും. വിജയിച്ചുകഴിഞ്ഞാൽ ഇവർക്ക് സ്വതന്ത്രരായി പ്രവർത്തിക്കാൻ പറ്റുമോ എന്ന കാര്യം സംശയമാണ്. വ്യക്തിപരമായ മേന്മയും നന്മയും തത്ത്വദീക്ഷയുമൊക്കെ, പിന്താങ്ങിയ പാർട്ടിക്ക് അടിയറവയ്ക്കേണ്ടിവരുന്ന ഗതികേടാണ് പല സ്വതന്ത്രന്മാർക്കും നേരിടേണ്ടിവന്നിട്ടുള്ളത്. ദൈവവിശ്വാസികളും നല്ലവരുമായ പലരും നിരീശ്വരപ്രത്യയശാസ്ത്ര പാർട്ടികളുടെ പിന്തുണയോടെ സ്വതന്ത്രന്മാരായി മത്സരിച്ചു വിജയിച്ചെങ്കിലും പിന്നീട് അവർ സ്വതന്ത്രരല്ലാതായിത്തീർന്ന അനുഭവം ഏറെയുണ്ടല്ലോ. അവരെ പാർട്ടിയംഗങ്ങളാക്കാനും അവർ മുമ്പ് നിലകൊണ്ടിരുന്ന സനാതനമൂല്യങ്ങൾക്ക് എതിരാക്കാനും വേണ്ടി ഒരുക്കിയ വിദഗ്ധമായ കെണിയാണ് സ്വതന്ത്രസ്ഥാനാർത്ഥിസ്ഥാനം. എല്ലാ പാർട്ടികളും വെറും രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല എന്ന തിരിച്ചറിവ് ഇവിടെ ഏറെ പ്രധാനപ്പെട്ടതാണ്. കേവലകക്ഷിരാഷ്ട്രീയത്തിനുപരി, ദൈവവിശ്വാസത്തിനും അനുഷ്ഠാനത്തിനും ജനാധിപത്യ - സനാതനമൂല്യങ്ങൾക്കും മതസൗഹാർദ്ദത്തിനുമെതിരായ പ്രത്യയശാസ്ത്ര നിലപാടുകളുള്ളവരുടെ പിന്തുണയോടെ സ്വതന്ത്രസ്ഥാനാർത്ഥികളാകുന്നതും അത്തരം സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതും അപകടകരമായിരിക്കും. അത്തരം തിരഞ്ഞെടുപ്പിന് ഉത്തമരായ വ്യക്തികളെ തിരഞ്ഞെടുക്കുന്നതുവഴി സിദ്ധിക്കേണ്ട ഫലമുണ്ടാകുകയില്ല.

വോട്ടുചെയ്യുക എന്നത് പൗരത്വപരവും ക്രൈസ്തവവുമായ ദൗത്യമാണ്. അതിൽ നിന്ന് ആരും അകന്നു നില്ക്കരുതെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.രാഷ്ട്രനിർമ്മിതിയിലുള്ള പങ്കാളിത്തമാണ് അതുവഴി നിർവഹിക്കുന്നതെന്ന കാര്യം ഗൗരവപൂർവം ഓർക്കുകയും വേണം. മുന്ന



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ണികൾ ജനാധിപത്യമൂല്യങ്ങളോടും ഭരണഘടനയോടും ഭരണഘടനാധിഷ്ഠിതമായ ന്യൂനപക്ഷാവകാശങ്ങളോടും സാമുദായിക മതസൗഹാർദ്ദത്തോടും നാടിന്റെ വികസനത്തോടും പാവപ്പെട്ടവരുടെയും അവശവിഭാഗങ്ങളുടെയും ഉന്നമനത്തോടും എത്രമാത്രം പ്രതിജ്ഞാബദ്ധതയുള്ളവരാണെന്ന കാര്യം നാം ഗൗരവപൂർവം പരിഗണിക്കണം. സാമൂഹിക നന്മ, വളർച്ച എന്നിവ കരുതി രാഷ്ട്രീയത്തിൽ ഇടപെടാൻ ക്രൈസ്തവർക്ക്, പ്രത്യേകിച്ച് അല്മായ വിശ്വാസികൾക്ക്, കടമയുണ്ടെന്ന കാര്യം ഊന്നിപ്പറയട്ടെ. പ്രദേശത്തിന്റെ നന്മയ്ക്കുവേണ്ടി പ്രകൃതി സംരക്ഷണത്തിലും ശുചീകരണത്തിലും ആരോഗ്യസംരക്ഷണത്തിലും ഇടപെട്ട് അത് അവർക്കു നിർവഹിക്കാം. കൂടാതെ സഹകരണസംഘങ്ങളിൽ പങ്കാളികളായി, പ്രത്യേകിച്ച് സഹകരണബാങ്കുകൾ, ഗ്രന്ഥശാലാസംഘങ്ങൾ, കർഷകസഹകരണസംഘങ്ങൾ, ക്ഷീരവികസന സഹകരണസംഘങ്ങൾ എന്നിവയിൽ പങ്കാളികളായി, പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ക്രൈസ്തവർ മുന്നോട്ടുവരണം.

സ്ത്രീകളുടെ ശക്തീകരണവും ഒരു സമൂഹത്തിന്റെ വികസനവും തമ്മിൽ അടുത്ത ബന്ധമുണ്ട്. 50% വനിതകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് പ്രവേശിക്കുന്നതുവഴി, കൂടുതൽ മനുഷ്യോചിതവും ആർദ്രതയും സ്നേഹവും സേവനവും നിറഞ്ഞതുമായ ഒരു സമൂഹസൃഷ്ടി നടപ്പാകണം (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ, വനിതകൾക്കുള്ള സന്ദേശം). കഴിവും വിദ്യാഭ്യാസവും നേതൃത്വഗുണങ്ങളുമുള്ള വനിതകൾ ഈ രംഗത്തേക്ക് കടന്നുവരണം. അതിനുവേണ്ട പ്രോത്സാഹനവും സാഹചര്യവും ഒരുക്കേണ്ടത് കുടുംബങ്ങളും സമൂഹവുമാണ്. സ്ത്രീ പുരുഷ തുല്യപങ്കാളിത്തത്തിലും സമത്വത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹം തീർച്ചയായും അനുഗ്രഹപ്രദമാണ്; പ്രത്യാശാപൂർണമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പൗരത്വപരമായ ഉത്തരവാദിത്വങ്ങൾ ജാഗ്രതയോടെ നിർവഹിക്കാൻ എല്ലാ വിശ്വാസികളെയും സ്നേഹപൂർവം ആഹ്വാനം ചെയ്തുകൊണ്ടും എല്ലാം നന്മയും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ടും,

കേരള കത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

(കെ.സി.ബി.സി. പ്രസിഡന്റ്)

---

N:B: 2010 ജൂലൈ 18-ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ ഈ സർക്കുലർ വായിക്കേണ്ടതും ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കേണ്ടതുമാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

(For Recordical Purpose)





# From the Bishop's Diary

**AUGUST 2010**

| | | |
|---|---|---|
| 1 | | Pallippuram |
| 2- 6 | | Bishops' Retreat, Mount St. Thomas, Kakkanad |
| 7 | AM | Meeting, Bishop's House |
| | PM | Ponnamkode |
| 8 | AM | Pullissery |
| | PM | Church Blessing, Palampatta |
| 9 | | Mount St. Thomas, Kakkanad |
| 10 | AM | Meeting of Eparchial Consultors and of Eparchial Presbyteral Council |
| 11 | PM | Vestition, C H F |
| 12 | | Sehion Retreat Centre, Thavalam |
| 13 | PM | Meeting, Bishop's House |
| 14 | AM | Meeting of Kaikars, Pastoral Centre |
| 15 | AM | Thathamangalam |
| | PM | Podanur |
| 16 | PM | Kottapady |
| 17- 18 | | Syro - Malabar Bishops' Synod |
| 19 - 22 | | Major Archiepiscopal Assembly |
| 23 - 28 | | Syro - Malabar Bishops' Synod |

**SEPTEMBER**

| | | |
|---|---|---|
| 8 | PM | Kanjikode |
| 9 | | Sehion Retreat Centre, Thavalam |
| 12 | | Kalladikkode |
| 13 -18 | | Priests' Annual Retreat |



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Office

**ജീസസ് ഫ്രട്ടേണിറ്റി ഞായർ**

കെ.സി.ബി.സിയുടെ നേതൃത്വത്തിലുള്ള ജീസസ് ഫ്രട്ടേണിറ്റി ആഗസ്റ്റ് 8-ാം തിയ്യതി ജീസസ് ഫ്രട്ടേണിറ്റി ഞായറായി ആഘോഷിക്കുന്നു. തടവറയിലെ സഹോദരങ്ങളുടെ കുടുംബങ്ങൾക്കും അവരുടെ മക്കൾക്കും സഹായം നൽകുവാൻ അന്നേ ദിവസത്തെ പ്രത്യേക പിരിവ് രൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കുമല്ലോ.

**ജസ്റ്റിസ് സൺഡേ**

ആഗസ്റ്റ് 22-ാം തീയതിയാണ് നാം ജസ്റ്റിസ് സൺഡേയായി ആഘോഷിക്കുന്നത്. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെട്ട ജനസമൂഹത്തോടുള്ള ഐക്യദാർഢ്യപ്രഖ്യാപനം കൂടിയാണ് നീതി ഞായർ. 1986 മുതൽ എല്ലാവർഷവും ആഗസ്റ്റ് 15 കഴിഞ്ഞു വരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേയായി ഭാരതസഭ ആചരിച്ചു വരുന്നു. ജസ്റ്റിസ് സൺഡേ ആചരണത്തിന്റെ രജത ജൂബിലി കൂടിയാണീ വർഷം. നീതി നിഷേധിക്കപ്പെട്ട നമ്മുടെ ദളിത സഹോദരർക്കുവേണ്ടി പ്രാർത്ഥിക്കാൻ ഈ ദിനം നാം വിനിയോഗിക്കണം. അന്നേദിവസത്തെ സ്തോത്രക്കാഴ്ച അവർക്കുവേണ്ടിയുള്ള കമ്മീഷന് അയച്ചുകൊടുക്കുവാൻവേണ്ടി രൂപതാകാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**വൈദികരുടെ മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം അതാത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**വൈദികരുടെ വാർഷികധ്യാനം**

രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 13 മുതൽ 18 വരെയായിരിക്കും.

**നിത്യാരാധന കപ്പേള**

**ഓഗസ്റ്റ് 15** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാൾ ആയതിനാൽ അന്നേദിവസം കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

**കൈക്കാരന്മാരുടെ സമ്മേളനം**

ഇടവകകളിൽ സേവനം ചെയ്യുന്ന കൈക്കാരന്മാരുടെ രൂപതാ സമ്മേളനം ആഗസ്റ്റ് 14ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സമ്മേളനത്തിലേയ്ക്ക് ബഹു. വൈദികർ തങ്ങളുടെ ഇടവകകളിലെ കൈക്കാരന്മാരെ പറഞ്ഞയക്കേണ്ടതാണ്.

**പുതിയ ഫോൺ നമ്പറുകൾ**

0491-2504583 (വികാരി ജനറാൾ), 0491-2526583 (ബിഷപ്സ് സെക്രട്ടറി)





**സീറോമലബാർ റിസർച്ച് സെന്റർ അവാർഡ്**

സീറോമലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്ററിന്റെ പത്താം പിറന്നാളിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. സീറോമലബാർ സഭാസിനഡിന്റെ അംഗീകാരത്തോടെ നല്കുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ചരിത്രം ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ സീറോമലബാർ അംഗങ്ങളിൽ നിന്നാണ് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നത്. വർഷത്തിലൊരിക്കലായിരിക്കും ഈ അവാർഡ് നൽകപ്പെടുന്നത്. നിയമാവലി അനുസരിച്ച് ഈ വർഷം മേൽപ്പറഞ്ഞ മേഖലകളിൽ മികച്ചപ്രവർത്തനങ്ങൾ നടത്തി വ്യക്തിമുദ്ര പതിപ്പിച്ച വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും പേരുകളാണ് ക്ഷണിക്കുന്നത്. 2009 ഡിസംബർ 30 വരെയുള്ള സംഭാവനകൾ മാത്രമെ സ്വീകരിക്കുകയുള്ളൂ. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ,ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശങ്ങൾ 2010 August 31-നകം ഡയറക്ടർ, ലിറ്റർജിക്കൽ റിസർച്ച് സെന്റർ, മൗണ്ട് സെന്റ് തോമസ്, പി.ബി.നമ്പർ 3110, കാക്കനാട് പി.ഒ. കൊച്ചി 682030, ഇൻഡ്യ എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

കേന്ദ്രസർക്കാരിന്റെ ന്യൂനപക്ഷ കാര്യ മന്ത്രാലയം കേളത്തിലെ ന്യൂനപക്ഷ സമൂദായ മുസ്ലിം/ ക്രിസ്തൃൻ സമുദായങ്ങളിൽപ്പെട്ട പതിനൊന്നാം ക്ലാസ്സ് മുതൽ പി. എച്ച്.ഡി, വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2010-11 അദ്ധ്യയന വർഷത്തിൽ നൽകുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള ഓൺ ലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ അപേക്ഷിക്കേണ്ട രീതി, തുടർ നടപടികൾ എന്നിവ കോളേജ് വിദ്യാഭ്യാസ വകുപ്പിൻരെ സ്കോളർഷിപ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ Post Matric Scholarship (PMS) > Instructions എന്ന ലിങ്കിൽ ലഭ്യമാണ്.

ഓൺ ലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതി ആഗസ്റ്റ് 5.

**കെ. സി. ബി. സി. സ്കോളർഷിപ്പ്**

2010ലെ SSLC, Plus Two, VHSC, Degree, Post Graduate, BEd തുടങ്ങിയ പരീക്ഷകളിൽ ഫസ്റ്റ് ക്ലാസ്സ് വാങ്ങി പ്രശസ്ത വിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് കെ. സി. ബി. സി. ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. അർഹരായിട്ടുള്ളവർ 2010 ആഗസ്റ്റ് 15നകം വികാരി ജനറാളുടെ (ഡി. സി. എം. എസ്. രൂപതാ ഡയറക്ടർ) സാക്ഷി ഒപ്പോടുകൂടി ഫാ. ജോൺ അരീക്കൽ, സെക്രട്ടറി, കെ. സി. ബി. സി. SC/ST/BC കമ്മീഷൻ, സേക്രട്ട് ഹാർട്ട് ചർച്ച്, അടൂർ പി.ഒ., 691 523 പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## 2008–2011 വർഷത്തേക്കുള്ള
## രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ 4–ാമത് സമ്മേളന റിപ്പോർട്ട്

2008–2011 വർഷത്തേക്കുള്ള രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ നാലാമത് യോഗം 2010 മെയ് 29ന് രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ആരാധനാ സന്ന്യാസിനി സമൂഹം പ്രൊവിൻഷ്യൽ സി. വിൻസെൻഷ്യ SABS യോഗത്തെയും ലക്ഷ്യങ്ങളെയും സമർപ്പിച്ച് പ്രാരംഭപ്രാർത്ഥന നയിച്ചു.

തൃതീയ യോഗത്തിന്റെ റിപ്പോർട്ട് ജനറൽ സെക്രട്ടറി അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് 2010 ഓഗസ്റ്റ് മാസത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടത്തപ്പെടുന്ന തൃതീയ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയെക്കുറിച്ചും അതിന്റെ "വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും" എന്ന മാർഗ്ഗരേഖയെക്കുറിച്ചും ആമുഖസന്ദേശത്തിൽ വിശദീകരിച്ചു. നമ്മുടെ രൂപതയിൽ നിന്നും മാർഗ്ഗരേഖ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുണ്ട് എന്ന് പിതാവ് ഓർമ്മിപ്പിച്ചു. കർത്താവ് പഠിപ്പിച്ച കാര്യങ്ങൾ ആധികാരികമായി പഠിപ്പിക്കുക എന്നതാണ് സഭയുടെ ദൗത്യം. പലരും മനസ്സിലാക്കുന്നതുപോലെ സഭ പുതിയകാര്യങ്ങൾ പഠിപ്പിക്കുകയല്ല, മറിച്ച് കർത്താവിന്റെ ഹിതം അനുസരിക്കാൻ പ്രേരിപ്പിക്കുകയും അതിന് ഉതകുന്നവിധത്തിൽ വിശദീകരിച്ച് നൽകുകയുമാണ് ചെയ്യുന്നത്. "സഭ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു?" എന്നതാണ് പലരുടെയും ചോദ്യം. ക്രിസ്തു സഭയെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം അതായതുകൊണ്ടുതന്നെ എന്നാണ് അതിനുത്തരം എന്ന് പിതാവ് വ്യക്തമാക്കി. എല്ലാ കൗൺസിൽ അംഗങ്ങളെയും പിതാവ് സ്വാഗതം ചെയ്യുകയും ഫൊറോനകളുടെ മാർഗ്ഗരേഖയെക്കുറിച്ചുള്ള പഠനറിപ്പോർട്ടുകൾ അവതരിപ്പിക്കുവാൻ ഫൊറോനോ സെക്രട്ടറിമാരെ ക്ഷണിക്കുകയും ചെയ്തു.

രൂപതയിലെ 8 ഫൊറോനകളിൽനിന്നും ചർച്ചചെയ്ത് ക്രോഡീകരിച്ച റിപ്പോർട്ടുകൾ യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ഫൊറോനാ റിപ്പോർട്ടുകളെ അവലോകനം ചെയ്ത് സംസാരിക്കുകയും തന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയും ചെയ്തു. തുടർന്ന് റിപ്പോർട്ടുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായ ചർച്ചനടന്നു. എല്ലാവരും ഉത്സാഹത്തോടെ പങ്കെടുത്ത ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും അഭിവന്ദ്യ പിതാവ് നൽകിയ കാഴ്ച്ചപ്പാടുകളും കോർത്തിണക്കി സഭാ





കേന്ദ്രത്തിലേക്ക് പാലക്കാട് രൂപതയുടെ റിപ്പോർട്ടായി അവതരിപ്പിക്കുവാൻ തീരുമാനമെടുത്തു. ജനറൽ സെക്രട്ടറി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ക്രോഡീകരിച്ച് യോഗത്തിന് മുൻപിൽ വിശദീകരിച്ചു.

വിശ്വാസം ജീവിതബന്ധിയായിരിക്കേണ്ടതാണ്. വിശ്വാസം ക്രൈസ്തവന് യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധവും സമർപ്പണവുമാണ്. സഭ ക്രൈസ്തവുവിശ്വാസം ജീവിക്കാനുള്ള വേദിയും സഹായവുമാണ്. ഉപരിപ്ലവമായിമാത്രം വിശ്വാസം കൊണ്ടുനടക്കുന്നവരുടെ എണ്ണം വളരെയാണ്. വിശ്വാസത്തെ ആചാരാനുഷ്ഠാനങ്ങളിൽ ഒതുക്കാൻ ആഗ്രഹിക്കുന്നവരും സമൂഹജീവിതത്തിൽ പ്രകടമാകാൻ ഇടവരാതെ വ്യക്തിജീവിതത്തിൽ സൂക്ഷിക്കുവാൻ ആഗ്രഹിക്കുന്നവരും ഉണ്ട്. വിശ്വാസം മുറുകെ പിടിച്ചിരുന്നാൽ ഈ ലോകത്തിൽ ജീവിക്കാനാവില്ല എന്നു കരുതുന്നവർ കൂടിവരുന്നു. നൈമിഷികമായ നേട്ടങ്ങൾക്കുവേണ്ടി വിശ്വാസം മാറ്റിവയ്ക്കുന്ന അനുഭവങ്ങൾ ഉണ്ട്.

പാരമ്പര്യമായി വിശ്വാസം ആർജ്ജിച്ചവർ അത് ഒരു അഭിമാനമായി കരുതുന്നുണ്ടെങ്കിലും അത് സ്വന്തമാക്കേണ്ടത് പ്രധാന ഉത്തരവാദിത്വമായി കാണുന്നില്ല. ജീവിതവ്യഗ്രത കുഞ്ഞുനാൾ മുതൽ പരിശീലിപ്പിക്കപ്പെടുന്നതും സാമ്പത്തിക ഭദ്രത ഏറ്റവും വലിയ നന്മയായി ചിത്രീകരിക്കപ്പെടുന്നതും വിപരീതദിശയിൽ ഒരാളെ നയിക്കുന്നു. രാഷ്ട്രീയക്കാർപോലും സഭയും വിശ്വാസവും സാമൂഹിക രാഷ്ട്രീയ ജീവിതത്തിൽനിന്നും അകന്നുനിൽക്കണമെന്നാഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു.

വിശ്വാസത്തിന്റെ കാഴ്ചപ്പാടുള്ള ഒരാൾക്ക് മാത്രമേ ജീവനെ അതിന്റെ എല്ലാ അവസ്ഥകളിലും ബഹുമാനിക്കാനും അതിന്റെ സംരക്ഷണത്തിനുവേണ്ടി ക്രിയാത്മകമായി പ്രവർത്തിക്കാനും കഴിയുകയുള്ളൂ. ജീവന്റെ മൂല്യത്തെക്കുറിച്ച് അറിവില്ലായ്മ കൊണ്ടല്ല മറിച്ച് സ്വാർത്ഥതയ്ക്കും സുഖസൗകര്യങ്ങൾക്കും ഉപരിയായി ജീവനെ ആദരിക്കാനാകാത്തതുകൊണ്ടാണ് ജീവൻനാശ പ്രവർത്തനങ്ങളിൽ ഒരുവൻ പങ്കെടുക്കുന്നത്. ഗർഭച്ഛിദ്രം തുടങ്ങിയ തിന്മകൾ സമൂഹത്തിൽ അംഗീകരിക്കപ്പെട്ട കാര്യങ്ങളായിത്തീർന്നിരിക്കുന്നു. ക്രൈസ്തവരുടെ ഇടയിൽപ്പോലും ഈ തിന്മ ശരിയായ ബോധ്യങ്ങളില്ലാത്തതിനാൽ നിലനിൽക്കുന്നുണ്ട്. ചിലരെങ്കിലും അറിവില്ലായ്മകൊണ്ടും നിർബന്ധത്തിനുവഴങ്ങിയും ഈ ക്രൂരതയ്ക്ക് തയ്യാറാകുന്നുണ്ട്.

സഭയുടെ ജീവനെക്കുറിച്ചുള്ള പ്രബോധനങ്ങൾ സഭയ്ക്കകത്തും പുറത്തും പ്രചരിപ്പിക്കപ്പെടണം. ജീവനുണ്ടാകുവാനും അത് സമൃദ്ധമായു



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ണ്ടാകവാനുമായി വന്ന ക്രിസ്തുവിന്റെ തുടർച്ചയായ സഭ സാദ്ധ്യമായ എല്ലാ സംവിധാനങ്ങളും പ്രചരണോപാധികളും ഇക്കാര്യത്തിനായി ഉപയോഗിക്കണം. ലൈംഗികതയെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാട് നഷ്ടമാകുന്നു. ദാമ്പത്യസ്നേഹത്തിനും ജീവന്റെ പോഷണത്തിനുമുള്ള ലൈംഗികത സ്വാർത്ഥതയുടെ തലത്തിൽ കുരുങ്ങിക്കിടക്കുന്നു. യുവജനങ്ങൾക്കിടയിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുകയും യുവദമ്പതികൾക്ക് പ്രത്യേക പരിശീലനക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നത് ഫലപ്രദമായിരിക്കും. ഭ്രൂണഹത്യയ്ക്ക് ജനങ്ങളെ പ്രേരിപ്പിക്കുന്ന കാരണങ്ങൾ ആരായാനും അവയ്ക്ക് ക്രിസ്തീയ പരിഹാരങ്ങൾ കാണാനും സഭയുടെ ഭാഗത്തുനിന്നും ശ്രദ്ധയുണ്ടാകണം.

വൃദ്ധരോടും രോഗികളോടുമുള്ള സമൂഹസമീപനവും വളരെയേറെ മാറിക്കഴിഞ്ഞു. സ്വന്തം സുഖസൗകര്യങ്ങൾക്ക് കുറവുവരുത്തുന്നതെന്തും ഒഴിവാക്കേണ്ടതാണ് എന്ന ഒരു മനോഭാവം വളർന്നുവരുന്നു. ചെറിയപ്രായത്തിൽ നൽകാൻ മറന്നുപോകുന്ന ശരിയായ വിശ്വാസപരിശീലനത്തിന്റെ അഭാവമാണ് മുതിർന്നവരും കിടപ്പുരോഗികളും ഉപയോഗശൂന്യരാണെന്ന ചിന്തയിലേക്കും ഭവനങ്ങളിൽനിന്നും നീക്കം ചെയ്യപ്പെടേണ്ടവരാണെന്ന മനോഭാവത്തിലേയ്ക്കും മനുഷ്യരെ നയിക്കുന്നത്. നാൾക്കുനാൾ വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങളുടെ എണ്ണവും അവിടങ്ങളിൽ മാതാപിതാക്കളെ സുഖസൗകര്യങ്ങളോടെ പാർക്കാൻ വിട്ടിരിക്കുകയാണ് എന്ന് അഭിമാനത്തോടെ പറയുന്നവരുടെ എണ്ണവും സഭ കൂടുതൽ ഊർജ്ജസ്വലതയോടെ ഈ രംഗത്ത് പ്രവർത്തിക്കണമെന്ന് സൂചിപ്പിക്കുന്നു. ഇടവകതലങ്ങളിലും മറ്റും വൃദ്ധർക്ക് ഒരുമിച്ചുകൂടുവാനും പ്രാർത്ഥിക്കാനും ഉല്ലസിക്കാനും അവസരങ്ങൾ ഒരുക്കണം. വീട്ടിൽകഴിയുന്ന വൃദ്ധരെയും കിടപ്പുരോഗികളെയും വൈദികരും സന്യസ്തരും സന്ദർശിക്കുകയും ധൈര്യപ്പെടുത്തുകയും സഹായിക്കുകയും വേണം. സമർപ്പിതർ അവരോട് കാണിക്കുന്ന സ്നേഹവും പരിഗണനയും കുടുംബാംഗങ്ങൾക്കെല്ലാം വലിയ മാതൃകയും പ്രചോദനവും ആകും.

സ്ത്രീകളോട് സഭയ്ക്ക് മാതൃകാപരമായ കാഴ്ചപ്പാടാണുള്ളതെങ്കിലും അത് അത്തരത്തിൽ തിരിച്ചറിയപ്പെടുന്നില്ല. അതിനുള്ള ഒരു പ്രധാനകാരണം പലപ്പോഴും സ്ത്രീകൾ മുന്നോട്ടുവരാൻ മടികാണിക്കുന്നതുകൊണ്ടാണ്. സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും അർഹവും അവശ്യവുമായ പ്രാതിനിധ്യം ഉറപ്പുനൽകുന്നുണ്ട്. പാലക്കാട് രൂപതയിൽ ഇടവക പൊതുയോഗത്തിൽ കുടുംബനാഥകൾക്കും പങ്കെടുക്കാനുള്ള അവകാശം രൂപതയുടെ ആരംഭം മുതൽക്കേ ഉണ്ടായിരുന്നു എന്നത് പ്രസ്താവ്യമാണ്.





സ്ത്രീശാക്തീകരണ പ്രക്രിയയിൽ കൂടുതൽ സ്ത്രീകളെ ഉൾപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കുവാനും സഭയുടെ സാമൂഹിക സേവനസംരംഭങ്ങൾ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. സ്ത്രീകൾ സമൂഹിക രംഗത്ത് കൂടുതലായി ഇടപെടുന്നത് ശുഭലക്ഷണമാണ്.

സഭയുടെ സാമൂഹിക സേവനങ്ങൾ വളരെ മാതൃകാപരമാണ്. എന്നാൽ വേണ്ടത്ര പ്രസിദ്ധിയില്ലാത്തതിനാൽ സഭ ചൂഷകരുടെ പട്ടികയിൽ ഉൾപ്പെടുത്തപ്പെടുന്നു. വിദ്യാഭ്യാസം, സഹായങ്ങൾ അർഹർക്ക് പ്രാപ്തമാക്കൽ തുടങ്ങിയ കാര്യങ്ങളിൽ സഭ താത്പര്യമെടുക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുകയും സഭാതനയരെ ഈ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വേണം. ഇടവക, കുടുംബസമ്മേളന സംവിധാനങ്ങൾ ഇക്കാര്യത്തിനായി ഉപയോഗിക്കണം. അനാവശ്യ ആഢംബരങ്ങളും പാഴ്ചെലവുകളും ദേവാലയനിർമ്മാണത്തിലും ആഘോഷങ്ങളിലും ചിലപ്പോഴെങ്കിലും പ്രത്യക്ഷപ്പെടുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സഭാമക്കൾക്കുവേണ്ടിയും ദളിത് ക്രൈസ്തവർക്കുവേണ്ടിയും മാതൃകാപരമായ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന് ദൃശ്യമായ രീതിയിൽതന്നെ ചെയ്യുന്നത് അഭികാമ്യമാണ്. സഭ ആതുര സേവനരംഗത്ത് ശക്തമായ സാന്നിദ്ധ്യമാണ്. ചെലവേറിയ ചികിത്സകൾക്ക് സഹായം നൽകുവാനായി ആഘോഷവേളകളിൽ തുകകൾ മാറ്റിവയ്ക്കുന്നശീലം പല കുടുംബങ്ങളിലും ഇപ്പോളുണ്ട്. ഇത് കൂടുതൽ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കും.

ദൈവം മനുഷ്യനുഭരമേൽപ്പിച്ച പ്രഥമ ഉത്തരവാദിത്വമാണ് പ്രകൃതിയുടെ മേൽനോട്ടവും സംരക്ഷണവും. ഈ ഉത്തരവാദിത്വം അത്ര കാര്യക്ഷമമായിരുന്നില്ല എന്നതിന്റെ തെളിവുകൾ നമുക്ക് കാലാവസ്ഥാവ്യതിയാനത്തിലും വന്യമൃഗങ്ങളുടെ നാട്ടിലേക്കുള്ള ഇറക്കത്തിലും ജലക്ഷാമത്തിലും ആഗോളതാപനത്തിലുമെല്ലാം കണ്ടെത്താവുന്നതാണ്. ലാഭേച്ഛമാത്രം ലക്ഷ്യമാക്കി മുന്നേറുമ്പോൾ അനേകതലമുറകൾക്കുള്ള സമ്പത്ത് കുറച്ചുപേരുടെ സ്വാർത്ഥതയ്ക്ക് കീഴ്പ്പെട്ട് നഷ്ടമാകുന്നു. മനുഷ്യനെ സമഗ്രസ്വഭാവത്തിൽ കാണുന്ന സഭയുടെ നേതൃത്വത്തിൽ ചില നിയന്ത്രണങ്ങളും ചില പരിഹാരപ്രവർത്തനങ്ങളും വഴി പ്രകൃതിയുടെ പുനസജ്ജീകരണം ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. പ്ലാസ്റ്റിക് ഉപയോഗം ഒഴിവാക്കുക, അതിനു സമൂഹത്തെ മാതൃകയിലൂടെയും പഠനത്തിലൂടെയും പ്രോത്സാഹിപ്പിക്കുക, കീടനാശിനി പ്രയോഗങ്ങൾ ഒഴിവാക്കുക, ജൈവ കൃഷി സമ്പ്രദായങ്ങൾക്ക് പ്രചരണവും സഹായവും നൽകുക, കൃഷിയിലും വനവത്കരണത്തിലും പുത്തൻ തലമുറയ്ക്ക് അറിവും താൽപര്യവും നൽകുക, ജലസംരക്ഷണ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ത്തിനും മിതോപയോഗത്തിനും പ്രോത്സാഹനം നൽകുക എന്നീ വഴികളിലൂടെയെല്ലാം സഭയുടെ പ്രതിബദ്ധത സമൂഹത്തിനുമുമ്പിൽ പ്രകാശമാകേണ്ടതാണ്.

ക്രൈസ്തവരുടെ ഇടയിൽ ജനനനിരക്ക് കുറയുന്നു എന്നുള്ള യാഥാർത്ഥ്യവും ആശങ്കാജനകവുമാണ്. സർക്കാർ ജനസംഖ്യാവിസ്ഫോടനം എന്ന ഭീതിയിൽ അവതരിപ്പിച്ച കുടുംബാസൂത്രണ പദ്ധതികളിൽ ക്രൈസ്തവർ വളരെയധികം സഹകരിച്ചു. ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും എന്ന സഭയുടെ സൽപ്രബോധനം ഏറിയപങ്കും ചെവിക്കൊണ്ടില്ല നാടിന്റെ നന്മയേക്കാൾ ദമ്പതികളുടെ സ്വാർത്ഥതയിൽനിന്നും തീരുമാനങ്ങളുണ്ടായി. ഭൗതികമായി മാത്രം ചിന്തിക്കാതെ ദൈവവിശ്വാസത്തിന്റെ വെളിച്ചത്തിൽ തീരുമാനങ്ങളെടുക്കുവാൻ പലർക്കും സാധിച്ചില്ല. ഇക്കാരണങ്ങളാൽ ക്രൈസ്തവ ജനസംഖ്യ ആനുപാതികമായി താണുപോയി. കുട്ടികളുടെ എണ്ണം കുറഞ്ഞപ്പോൾ കുടുംബങ്ങൾ അണുകുടുംബങ്ങളായി; കുട്ടികൾ കൂടുതൽ സ്വാർത്ഥരായി. സമൂഹത്തിൽ പങ്കുവെച്ച് ജീവിക്കാനുള്ള പരിശീലനം നഷ്ടപ്പെട്ടു. കുഞ്ഞുങ്ങളുടെ മാനസിക സന്തുലിതയ്ക്കുതന്നെ കോട്ടമുണ്ടായി.

ഉത്തരവാദിത്വത്തോടെ മക്കളുടെ എണ്ണം നിശ്ചയിക്കാനുള്ള അവകാശം മാതാപിതാക്കൾക്കാണ് എന്നുപറയുമ്പോൾ തന്നെ വിശ്വാസവെളിച്ചത്തിൽ ദൈവേഷ്ടം കൂടി അന്വേഷിച്ച് തീരുമാനമെടുക്കാനുള്ള കടമകൂടെ അവർക്കുണ്ട് എന്ന് വ്യക്തമായി തിരിച്ചറിയണം. സഭ ഇക്കാര്യങ്ങൾ കൂടുതൽ വിശദമായി ജനങ്ങളെ പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. വാഗ്ദാനങ്ങളും ആനുകൂല്യങ്ങളും നൽകി പ്രോത്സാഹിപ്പിക്കുന്നതിനേക്കാൾ അത് വിശ്വാസിയുടെ ദൗത്യമായിക്കാണാൻ പഠിപ്പിക്കുന്നതാണ് ഉചിതം. എന്നാൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരുണ്ടെങ്കിൽ അവർക്ക് തീർച്ചയായും ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. കൂടുതൽ മക്കളുള്ള ദമ്പതികളെ വിശ്വാസസാക്ഷികളായി ആദരിക്കണം. ഇവയാണ് അസംബ്ലിയിലേക്ക് സമർപ്പിക്കാനുള്ള പ്രധാന നിർദ്ദേശങ്ങൾ.

തൃതീയ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുക്കുവാനുള്ള അംഗങ്ങളെ യോഗം തെരഞ്ഞെടുത്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. കെ.പി. ലോറൻസ് യോഗത്തിൽ സംബന്ധിച്ച ഏവർക്കും നന്ദിപറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. തോം കിഴക്കേടത്ത്**
ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ





## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | |
|---|---|
| ചിറ്റിലഞ്ചേരി | ശ്രീ. മല്ലപ്പറമ്പിൽ ജോസഫ്, ശ്രീ. കാപ്പിൽ മാത്യു |
| ചിറ്റൂർ (പാലക്കാട്) | ശ്രീ. തട്ടിൽ റപ്പായി, ശ്രീ. അരീക്കാട്ട് ഡേവിസ് |
| കടമ്പൂർ | ശ്രീ. ഉണ്ണിബാബു മേലേത്ത്, ശ്രീ. വിനു പൊയ്കയിൽ |
| കണ്ടമംഗലം | ശ്രീ. ജോയ് വലിയകുളത്തിൽ, ശ്രീ. ടോമി നരുത്തൂക്കിൽ |
| കരിങ്കയം | ശ്രീ. മാത്യു സി.ജെ. ചുങ്കപ്പുര, ശ്രീ. ജോസഫ് എം. വി. മഠത്തേട്ട് |
| കൊഴിഞ്ഞാമ്പാറ | ശ്രീ. വിക്ടർ ഡേവിഡ്, ശ്രീ. ജോമോൻ ജോസ് |
| മലമ്പുഴ | ശ്രീ. തോമസ് വാഴപ്പിള്ളി, ശ്രീ. മാനുവൽ പൂതക്കുഴി |
| മെഴുകുംപാറ | ശ്രീ. ജോസ് കാക്കാനിയിൽ, ശ്രീ. ദേവസ്യ കാക്കനാട്ട് |
| മൈലംപുള്ളി | ശ്രീ. ജോസഫ് വെള്ളുകുന്നേൽ, ശ്രീ. തോമസ് മണിമലതറപ്പേൽ |
| പാടൂർ | ശ്രീ. ജോസ് മങ്കുന്നേൽ, ശ്രീ. ജോസ് തുണിയമ്പ്രാൽ |
| പന്തലാംപാടം | ശ്രീ. ജോസ് മുതുപ്ലാക്കൽ, ശ്രീ. ജോർജ്ജ് തടത്തിൽ |
| പോത്തുണ്ടി | ശ്രീ. ദേവസി പാപ്പുറം, ശ്രീ. സിബി കളപ്പുരയ്ക്കൽ |
| വാൽകുളമ്പ് | ശ്രീ. ബേബി കളമ്പാടൻ, ശ്രീ. പൗലോസ് എമ്പ്രായിൽ |
| വട്ടപ്പാറ | ശ്രീ. കൊരക്കാലയിൽ ജോസഫ്, ശ്രീ. കുന്നത്ത് ബാബു |
| വയലൂർ | ശ്രീ. മത്തച്ചൻ പോത്തനാംമുഴി, ശ്രീ. മാത്യു തോട്ടുവശം |
| വിമലഗിരി | ശ്രീ. ജോസഫ് ചിറ്റക്കാട്, ശ്രീ. ബിജു വെട്ടിക്കൽ |
| യാക്കര | ശ്രീ. കെ. ഒ. ജോണി കുന്നത്തൂർ, ശ്രീ. സുനിൽ ജോസഫ് പട്ടറേത്ത് |

## സെന്റ് മേരീസ് മൈനർ സെമിനാരി

ഈ വർഷം (2010) നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്നവർ

| | |
|---|---|
| Aricatt Varghese (Freddy) | Chittady |
| Chullickal Jude (Jude) | Podannoor |
| Edakkalathur Ignatius (Roy) | Enammavu |
| Komberil Joseph (Rahul) | Irumpakachola |
| Kurisummoottil Joseph (Nibin) | Poonchola |
| Meemballil Joseph (Helbin) | Thrithwamala |
| Nedumpuram Joseph (Bijo) | Kairady |
| Pindiyan Augusthy (Marshal) | Paruthikkad |
| Ponmani Antony (Jeo) | Arimpur |
| Poovakkatt Thomas (Isac) | Mettupalayam |
| Tharappil Abraham (Vineeth) | Sreekrishnapuram |
| Thuruthelparannolil Tom Mary Francis (Thomas) | Charal, Iritty |

**ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ**
റെക്ടർ, മൈനർ സെമിനാരി



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-09-10 | WED | Rev. Fr. Ponmani Jose |
| 02-09-10 | THU | V. Rev. Fr. Potteparambil Jose |
| 03-09-10 | FRI | Rev. Fr. Pulickathazhe Sebastian |
| 04-09-10 | SAT | Rev. Fr. Pulikottil Joshy |
| 06-09-10 | MON | Rev. Fr. Pullukalayil Reny |
| 07-09-10 | TUE | Rev.Fr. Puramadathil Jino |
| 08-09-10 | WED | Rev.Fr. Puthenpurayil Joshy |
| 09-09-10 | THU | Rev. Fr. Puthukara John |
| 10-09-10 | FRI | Rev. Fr. Thaikattil Anto |
| 11-09-10 | SAT | Rev. Fr. Thamarassery Sebastian |
| 13-09-10 | MON | Rev. Fr. Thanickal Thomas |
| 20-09-10 | MON | Rev. Fr. Tharaniyil Paul |
| 21-09-10 | TUE | Rev. Fr. Thattil Martin |
| 22-09-10 | WED | Rev. Fr. Thattil Sebastian |
| 23-09-10 | THU | Rev. Fr. Thekkumkattil Jomy |
| 24-09-10 | FRI | V. Rev. Fr. Theruvankunnel George |
| 25-09-10 | SAT | Rev. Fr. Thoonikavil Jose Prakash |
| 27-09-10 | THU | Rev. Fr. Thottankara Francis |
| 28-09-10 | TUE | V. Rev. Fr. Thottian Paul |
| 29-09-10 | WED | Rev. Fr. Thukkuparambil Betson |
| 30-09-10 | THU | Fr. Thuruthipally George |

സെപ്റ്റംബർ 14 മുതൽ 18 വരെ തിയ്യതികളിൽ പതിവുപോലെ നിത്യാരാധന ഉണ്ടായിരിക്കുന്നതാണ്.

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**





# വിശ്വാസ പരിശീലനം

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "തിരുസഭ മാതാവും ഗുരുനാഥയും" എന്നതിനെ ആസ്പദമാക്കി ഏകദിനസെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു.

സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആഗസ്റ്റ് 9 തിങ്കൾ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 9 തിങ്കൾ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 14 ശനി | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 14 ശനി | 9.30am to 4.00pm | പാലക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**VIII, IX, X സെമിനാറുകൾ**

ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഫോറോന തലത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. അധ്യായനവർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപയാണ്.

**VIII, IX, X ക്ലാസുകളിലെ സെമിനാർ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | |
|---|---|---|
| ആഗസ്റ്റ് 8 ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 25 ബുധൻ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്തം. 1 ബുധൻ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന കാഞ്ഞിരപ്പുഴ സോൺ (കാഞ്ഞിരപ്പുഴ പരിഷ്ഹാൾ) പൊന്നംകോട് സോൺ (പൊന്നംകോട് പാരിഷ്ഹാൾ) |
| സെപ്തം. 10 വെള്ളി | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | |
|---|---|---|
| സെപ്തം. 11 ശനി | 9.30am to 4.00pm | താവളം ഫൊറോന |
| | | താവളം സോൺ (സെഹിയോൻ ധ്യാനകേന്ദ്രം) |
| | | ജെല്ലിപ്പാറ സോൺ (ജെല്ലിപ്പാറ പാരിഷ്ഹാൾ) |
| സെപ്തം. 21 ചൊവ്വ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**I & II HDC ഏകദിനസെമിനാറുകൾ**

**HDC** ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഫൊറോന തലത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. ജീവന്റെ മൂല്യമാണ് ഈ വർഷത്തെ ചർച്ചാവിഷയം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ആരംഭിച്ച് 4.00മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

**I & II HDC ഏകദിനസെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | |
|---|---|---|
| ആഗസ്റ്റ് 1 ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 22 ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ആഗസ്റ്റ് 29 ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്തം.5 ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെ കല്ലടിക്കോട് യൂണിറ്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**സ്റ്റാറ്റിസ്റ്റിക്സ്& ന്യൂ ടീച്ചേഴ്സ് ഫോം**

സൺഡേ സ്കൂളിന്റെ സ്റ്റാറ്റിസ്റ്റിക്സ് പുതിയ അധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോം എന്നിവ ഇനിയും മതബോധന കേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് അവ എത്തിക്കേണ്ടതാണ്.

**രൂപതാ മതബോധന കൗൺസിൽ**

സെപ്റ്റംബർ 4-ാം തിയ്യതി ശനിയാഴ്ച രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് രാവിലെ 10 മണി മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. മതാദ്ധ്യാപക ദിനാഘോഷമാണ് ചിന്താവിഷയം.





**അധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

മതാദ്ധ്യാപകർക്ക് കൂടുതൽ പഠിക്കുവാനും തങ്ങളുടെ സാഹിത്യവാസനകളെ വളർത്തുവാനും സഹായകമാകത്തക്കവിധത്തിൽ മതബോധന വിഷയത്തെ ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം കവിത, ചെറുകഥ എന്നീ രചനാമത്സരങ്ങളായിരിക്കും ഉണ്ടായിരിക്കുക.(ഉപന്യാസം 5-10 പേജുകൾ കവിത 20-40 വരികൾ, ചെറുകഥ 3-5 പേജുകൾ) ഓഗസ്റ്റ് 30 ന് മുമ്പായി ഈ രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനം നേരിടുന്ന ഒരു പ്രധാനവെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കോൺടാക്ട് ക്ലാസുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസുകളിൽ സംബന്ധിക്കാത്ത കുട്ടികളെ ലക്ഷ്യം വെച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 200 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 30 ന് മുൻമ്പായി ഏൽപിക്കേണ്ടതാണ്.

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. 2010 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം. (കൂടുതൽ വിവരങ്ങൾക്ക് വിശ്വാസപരിശീലന കലണ്ടർ പേജ് 53 കാണുക)

**ക്രിസ്റ്റീൻ ധ്യാനം**

വിശ്വാസ പരിശീലന ക്ലാസുകളിലൂടെ ലഭിച്ച മിശിഹാനുഭവം ആഴപ്പെടുന്നതിനും പ്രായോഗിക തലങ്ങളിൽ തീക്ഷണതയുള്ള കുട്ടികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി സെപ്റ്റംബർ9,10,11,12 തിയ്യതികളിലായി മണ്ണാർക്കാട് ഫൊറോനയിൽ ക്രിസ്റ്റിൻ ധ്യാനം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 200/ രൂപ.5-ാംക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെയുള്ള എല്ലാകുട്ടികളും ധ്യാനത്തിൽ സംബന്ധിക്കുവാൻ വികാരി അച്ചന്മാരും അദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**മതാദ്ധ്യാപക അവാർഡുകൾ**

രൂപതയിൽ 15,25,35 വർഷങ്ങൾ അദ്ധ്യാപനം പൂർത്തിയാക്കിയ മതാധ്യാപകർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നു. അവാർഡുകൾ ലഭിക്കുന്നതി



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

നായി പൂരിപ്പിച്ചുതരേണ്ട ഫോം മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോം ഫോട്ടോയോടുകൂടി ഓഗസ്റ്റ് 30 ന് മുൻപായി മതബോധന കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**കുട്ടികളുടെ ചെറുകഥാ ഉപന്യാസമത്സരം**

V മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 12-ാം തിയ്യതി ചെറുകഥാമത്സരവും സെപ്റ്റംബർ 19 ഞായറാഴ്ച ഉപന്യാസ മത്സരവും നടക്കുന്നു. മത്സരവിഷയങ്ങൾ മതബോധന വിഷയവുമായി ബന്ധപ്പെട്ടതായിരിക്കും.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 3-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും പഠനഭാഗം 80 മാർക്ക്, ജനറൽ ക്വിസ് 10 മാർക്ക്, ലോഗോസ് ക്വിസ് 10 മാർക്ക് ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV 80 മാർക്കിൽ ആയിരിക്കും പരീക്ഷ.

NB: English Question paper ആവശ്യമുള്ളവർ ഓഗസ്റ്റ് 30 ന് മുമ്പ് എണ്ണം മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**ലോഗോസ് ക്വിസ് 2010**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വസപരിശീലനം നേടുന്ന എല്ലാ കുട്ടികളും മതദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 മുതൽ ആരംഭിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**ജനറൽ ക്വിസ് 2010-11**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ ജനറൽ ക്വിസ് 2010-11 ആവശ്യമുള്ളവർക്ക് സാൻജോ ബുക്ക്സ്റ്റാളിൽ നിന്ന് ലഭ്യമാണ്.

NB: ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള ജനറൽക്വിസ് ഭാഗം 1 മുതൽ 245-ാം ചോദ്യം വരെയായിരിക്കും.

**സാൻജോബുക്ക് സ്റ്റാൾ**

മീഡിയാ ബുക്സിന്റെ പുസ്തകങ്ങൾ സാൻജോ ബുക്ക് സ്റ്റാൾ വഴി ലഭ്യമാണ്. ഇടവക, സ്കൂൾ, കോൺവെന്റ് ലൈബ്രറികളിലേയ്ക്ക് പ്രത്യേക കിഴിവ് നൽകുന്നതാണ്.





**അദ്ധ്യാപകരുടെ ക്വിസ്മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. നവംബർ 13-ാം തിയ്യതി ഫൊറോന തലവും ജനുവരി 8 ന് രൂപതാ തലവും നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷൻ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**പഠനഭാഗം**

ജനറൽ ക്വിസ് - 50%, ബൈബിൾ - 50% (മത്താ 1-14, യാക്കോ 1-5)

NB:രൂപതാതലത്തിൽ 'തിരുസഭ മാതാവും ഗുരുനാഥനും' എന്ന ബുക്ക്ലെറ്റിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാവുന്നതാണ്.

**കുട്ടികളുടെ ക്വിസ് മത്സരം**

U.P,HS,HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. നവംബർ 13 ഫൊറോന തലവും ഡിസംബർ 16 ന് രൂപതാതലവും നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും.

പഠനഭാഗം : ജനറൽക്വിസ് - 50%, ബൈബിൾ - 50% (മത്താ 1-14, യാക്കോ. 1-5)

**റെഗുലർ സ്കൂൾ അധ്യാപകസെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സൻമാർഗ്ഗികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. സെമിനാറുകൾ നടക്കുന്ന തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

ആഗസ്റ്റ് 7 ശനി 10.00am to 4.00pm താവളം മേഖല സെമിനാർ
(സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം)

**പൊതുവിജ്ഞാനം**

1. വത്തിക്കാൻ മെത്രാൻ കാര്യാലയത്തിന്റെ പുതിയ അദ്ധ്യക്ഷൻ?

A. കർദ്ദിനാൾ മാർക് ഔലെററ്

2. ക്രൈസ്തവൈക്യകാര്യാലയത്തിന്റെ തലവൻ?

A. ബിഷപ്പ് കൂർട്ട് കോച്

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# Bible Apostolate

**ലോഗോസ് ക്വിസ് 2010**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി. ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2010.

**ലോഗോസ് ക്വിസ് 2010-ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D,E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം -01.01.1999 നു ശേഷം ജനിച്ചവർ

B വിഭാഗം-01.01.1994 നും 31.12.1998 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം-01.01.1979 നും 31.12.1993 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം-01.01.1959 നും 31.12.1978 നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം-31.12.1958 നു മുമ്പ് ജനിച്ചവർ

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ രജിസ്ട്രേഷൻ ആരംഭിക്കുന്നത്.2010 ജൂൺ 1-നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2010 ജൂലൈ 31 നും ആയിരിക്കും. മത്സരത്തിനുള്ള പാഠഭാഗങ്ങൾ 1) പുറപ്പാട് 1-15; 2)വി. മത്തായി 1-14; 3) വി. യാക്കോബ് എഴുതിയ ലേഖനം പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി ബൈബിളും , ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ2010 സെപ്റ്റംബർ 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖിലകേരളതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)





1-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.

2-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും.

3-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും.

4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും

(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന ബാക്കി എല്ലാവർക്കും (450-50=400) ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം.

5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി. ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 26-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേ സ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഇടവകതലത്തിൽ**

ഒരോ പ്രായ വിഭാഗമനുസരിച്ച് '25 -ന്റെ ഓരോ ഗുണിതത്തിനും (50,75,100,125....) ഒരു സമ്മാനം' എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

* 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക്സമ്മാനങ്ങൾ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

* 125- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ

* 1000ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ

* 2000ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ

* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി,സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നൽകുന്നതായിരിക്കും. അഖിലകേരളതലത്തിലുള്ള സമ്മാനങ്ങൾ നവംബർ 28-ന് അഖിലകേരള മത്സരപരീക്ഷയുടെ സമാപനത്തിൽ ഉച്ചകഴിഞ്ഞ് 5 മണിക്ക് വിതരണം ചെയ്യുന്നതായിരിക്കും.

**കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യമത്സരങ്ങൾ-2010**

വചനാധിഷ്ഠിത ചിന്തയും സാഹിത്യവും സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷൻ രചനാമത്സരങ്ങൾക്കുള്ള കൃതികൾ ക്ഷണിക്കുന്നു. എല്ലാ രചനകളുടെയും പ്രതിപാദന വിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെ ചേർക്കുന്നു.

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും ലേഖനം പത്തുപേജിലും കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല

അല്മയാർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1: അല്മായർ
വിഷയം: ബൈബിളും മലയാള സാഹിത്യവും





ഗ്രൂപ്പ്നമ്പർ 2: സെമിനാരി വിദ്യാർത്ഥികൾ
വിഷയം: ബൈബിളും വൈദികപരിശീലനവും
ഗ്രൂപ്പ് നമ്പർ 3: സന്ന്യാസിനികൾ
വിഷയം: ബൈബിളും സന്ന്യാസപാരമ്പര്യവും

മത്സരത്തിനയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ/ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2010 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സര ഇനം | രജി.ഫീസ് | സമ്മാനങ്ങൾ | | |
|---|---|---|---|---|
| | | First | Second | Third |
| 1. കവിത | 50 | 2000 | 1500 | 1000 |
| 2. ചെറുകഥ | 50 | 2000 | 1500 | 1000 |
| 3. ഏകാങ്കനാടകം | 50 | 2000 | 1500 | 1000 |
| 4. ലേഖനം-1 | 50 | 2000 | 1500 | 1000 |
| 5. ലേഖനം-2 | 50 | 2000 | 1500 | 1000 |
| 6. ലേഖനം-3 | 50 | 2000 | 1500 | 1000 |

കൃതികൾ അയയ്ക്കേണ്ട വിലാസം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

**പുതിയനിയമ ഓഡിയോ ബൈബിൾ**

ബൈബിൾ ചുരുങ്ങിയ വിലയ്ക്ക് എല്ലാ മാധ്യമങ്ങളിലൂടെയും ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷനും കിങ്ഡം മിനിസ്ട്രിയും സംയുക്തമായി പ്രസിദ്ധീകരിച്ച പുതിയ നിയമ ഓഡിയോ ബൈബിൾ (മൂന്ന് MP3 CD കൾ) ഇതുവരെ 180 രൂപയ്ക്കാണ് വിൽക്കപ്പെട്ടിരുന്നത് ഇനിമുതൽ അത് വെറും 50 രൂപയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ അതിനുള്ള ഓർഡറുകൾ എത്രയും വേഗം രൂപതാമതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# അൾത്താരസംഘം

**അൾത്താരസംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നു. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആഗസ്റ്റ് 7 ശനി | 9.30 am to 4.00pm | താവളം ഫൊറോന (സെഹിയേൻ ധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 21 ശനി | 9.30 am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 28 ശനി | 9.30 am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| സെപ്റ്റം. 18 ശനി | 9.30 am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

| | | |
|---|---|---|
| ജനറൽക്വിസ് 2010 | - | 50 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 10 മാർക്ക് |

ഫൊറോന തല മത്സരം നവംബർ 20 ശനി - ഫൊറോന കേന്ദ്രങ്ങളിൽ

രൂപതാതല മത്സരം ഡിസംബർ 11 ശനി - പാസ്റ്ററൽ സെന്റർ.

ഫൊറോനതലത്തിൽ വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്.

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും

2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും

3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ, അൾത്താരസംഘം





# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2010 ആഗസ്റ്റ് 1 മുതൽ 6 വരെ, 15 മുതൽ 20 വരെ

സിസ്റ്റേഴ്സിനുമാത്രമായുള്ള ധ്യാനം ആഗസ്റ്റ് 22 മുതൽ 27 വരെ

ധ്യാനം നയിക്കുന്നത് ഫാ. ജോർജ്ജ് കുന്നേൽ

**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**

# Family Apostolate

**പ്രീകാന കോഴ്സ്**

**ആഗസ്റ്റ് 2, 3, 4, 5, സെപ്റ്റം. 6, 7, 8, 9**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

# തിരുബാലസഖ്യം

**ഫൊറോന സെമിനാറുകൾ**

തിരുബാലസഖ്യം അംഗങ്ങൾക്കായി മണ്ണാർക്കാട് ഫൊറോനയിൽ നടത്തിയ ഏകദിന സെമിനാർ ഫൊറോന വികാരി പെരി. ബഹു അബ്രഹാം പാലത്തിങ്കലച്ചൻ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ജോയ് ചീക്കപ്പാറ അദ്ധ്യക്ഷനായിരുന്നു. ഫാ. അരുൺ കലമറ്റത്തിൽ, ഫാ. സജി വട്ടുകുളം, ഫാ. ജസ്റ്റിൻ കോലംകണ്ണി, ബ്ര.ടോണി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

മേലാർക്കോട് ഫൊറോന തിരുബാലസഖ്യം ഏകദിന സെമിനാർ പെരി. ബഹു. ജോസ് ആലക്കുകുന്നേൽ അച്ചൻ മംഗലംഡാം ഫൊറോന പാരിഷ്ഹാളിൽ വച്ച് ഉദ്ഘാടനം ചെയ്തു. ഫാ, ജസ്റ്റിൻ കോലംകണ്ണി, ഫാ. സജി വട്ടുകുളത്തിൽ, ഫാ. ജോമിസ് കൊടകശ്ശേരിൽ ബ്ര. ടോണി എന്നിവർ ക്ലാസുകൾ എടുത്തു.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**സെമിനാറുകൾ**

| | | |
|---|---|---|
| ജൂലൈ 31 ശനി | 9.30 am to 3.30 pm | കാഞ്ഞിരപ്പുഴ ഫൊറോന ഫൊറോന പാരിഷ് ഹാൾ |
| ആഗസ്റ്റ് 7 ശനി | 9.30 am to 3.30 pm | താവളം ഫൊറോന സെഹിയോൻ ധ്യാന കേന്ദ്രം |
| ആഗസ്റ്റ് 21 ശനി | 9.30 am to 3.30 pm | ഒറ്റപ്പാലം ഫൊറോന ഫൊറോന പാരിഷ് ഹാൾ |
| ആഗസ്റ്റ് 28 ശനി | 9.30 am to 3.30 pm | വടക്കഞ്ചേരി ഫൊറോന ഫൊറോന പാരിഷ് ഹാൾ |
| സെപ്റ്റം.18 ശനി | 9.30 am to 3.30 pm | ഒലവക്കോട് ഫൊറോന ഫൊറോന പാരിഷ് ഹാൾ |

**ബാഡ്ജ്, പ്രാർത്ഥന പുസ്തകം**

തിരുബാലസഖ്യത്തിന്റെ ബാഡ്ജുകളും പ്രാർത്ഥനാപുസ്തകവും സാൻജോ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. ഓരോ അംഗത്തിനും ഓരോ പുസ്തകം വീതം ഉണ്ടായിരിക്കണം. എല്ലാ ഞായറാഴ്ചകളിലും ഫൊറോന, രൂപതാ പരിപാടികൾക്ക് വരുമ്പോഴും ബാഡ്ജ് നിർബന്ധമായും ധരിച്ചിരിക്കണം.

**ക്വിസ്**

മുമ്പ് അറിയിച്ചിരുന്നതുപോലെ ഈ വർഷവും തിരുബാലസഖ്യം അംഗങ്ങൾക്കായി രൂപതാ കലോത്സവത്തിന് ക്വിസ് പ്രോഗ്രാം ഉണ്ടായിരിക്കും. 90 % ചോദ്യങ്ങൾ രൂപതാ ബുള്ളറ്റിനിലൂടെ പ്രസിദ്ധീകരിക്കും. 10 % ഇതേ വിഷയങ്ങളുമായി ബന്ധപ്പെട്ട് പുറമെ നിന്ന് ചോദിക്കും. ക്വിസ് വിഷയം: വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ, വി. അൽഫോൻസാമ്മ, വി. തോമാശ്ലീഹാ, വാ. ചാവറകുര്യക്കോസ്, വാ. കുഞ്ഞച്ചൻ, വാ. ഏവുപ്രാസ്യമ്മ, വാ. മറിയം ത്രേസ്യ, പാലക്കാട് രൂപത. ഇതിൽ വാ. മറിയം ത്രേസ്യയെക്കുറിച്ചുള്ള ചോദ്യങ്ങൾ താഴെ ചേർക്കുന്നു.

**വാ. മറിയം ത്രേസ്യ**

1. വാ. മറിയം ത്രേസ്യയുടെ ജനനം?
   1876 ഏപ്രിൽ 26
2. വാ. മറിയം ത്രേസ്യയുടെ മാതാപിതാക്കൾ ആരെല്ലാം?
   തോമൻ, താണ്ട
3. വാ. മറിയം ത്രേസ്യയുടെ ജ്ഞാനസ്നാനപേര്?
   ത്രേസ്യ
4. വാ. മറിയം ത്രേസ്യയെ ജപമാല ചൊല്ലാൻ പഠിപ്പിച്ചത് ആര്? എത്രാമത്തെ വയസ്സിൽ?
   പരി. കന്യകാമറിയം, നാലാമത്തെ വയസ്സിൽ





6. വാ. മറിയം ത്രേസ്യ ആദ്യ കുമ്പസാരം നടത്തിയത് എത്രാമത്തെ വയസ്സിൽ?
   ആറാമത്തെ.
7. അമ്മയുടെ വേർപാടിനുശേഷം വാ. മറിയം ത്രേസ്യ ആരെയാണ് ആത്മ ശരീരങ്ങളുടെ അമ്മയായി സ്വീകരിച്ചത്?
   പരി. അമ്മയെ.
8. നിത്യകന്യകയായി ജീവിച്ചു കൊള്ളാമെന്ന് ത്രേസ്യ സ്വയം വാഗ്ദാനം ചെയ്തത് എത്രാമത്തെ വയസ്സിൽ?
   ഒമ്പതാമത്തെ
9. വാ. മറിയം ത്രേസ്യയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ കേന്ദ്രം ?
   വി. കുർബാന.
10. വാ. മറിയം ത്രേസ്യ സ്ഥാപിച്ച സന്യാസിനി സമൂഹത്തിന്റെ പേര്?
    ഹോളി ഫാമിലി സന്യാസിനി സമൂഹം.
11. വാ. മറിയം ത്രേസ്യയുടെ ജീവിതാഭിലാഷം?
    ക്രൂശിതനായ യേശുവിനോട് അനുരൂപപ്പെടുക.
12. തിരുകുടുംബ സന്യാസിനി സമൂഹം സ്ഥാപിതമായ വർഷം?
    1914 മെയ് 14
13. തിരുകുടുംബസന്യാസിനി സമൂഹത്തിന്റെ പ്രഥമ സുപ്പീരിയർ?
    വാ. മറിയം ത്രേസ്യ
14. വാ. മറിയം ത്രേസ്യയുടെ ആത്മീയ പിതാവ്?
    ദൈവദാസൻ ബ. ജോസഫ് വിതയത്തിലച്ചൻ.
15. വാ.മറിയം ത്രേസ്യയുടെ അപരനാമം?
    ഗാർഹിക സഭയുടെ പ്രവാചിക.
16. കേരള പഞ്ചക്ഷതയെന്ന് അറിയപ്പെടുന്നത് ആര്?
    വാ. മറിയം ത്രേസ്യ.
17. വാ. മറിയം ത്രേസ്യയുടെ മരണം?
    1926 ജൂൺ 8
18. വാ. മറിയം ത്രേസ്യയുടെ കബറിടം സ്ഥിതി ചെയ്യുന്ന സ്ഥലം?
    കുഴിക്കാട്ടുശ്ശേരി.
19. വാ. മറിയം ത്രേസ്യയെ വാഴ്ത്തപ്പെട്ടവളായി ഉയർത്തിയത് എന്ന്?
    2000. ഏപ്രിൽ 9
20. മറിയം ത്രേസ്യയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തിയ മാർപാപ്പ?
    ജോൺ പോൾ രണ്ടാമൻ.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# സി എൽ സി.

**രൂപതാ എക്സിക്യൂട്ടിവ് മീറ്റിംഗ്**

ഓഗസ്റ്റ് 14 ശനിയാഴ്ച രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് രാവിലെ 10.00 മുതൽ 12.30 വരെ നടത്തപ്പെടുന്നു. എല്ലാ രൂപതാഭാരവാഹികളും, എക്സിക്യൂട്ടീവ് അംഗങ്ങളും, സോണൽ അംഗങ്ങളും, സോണൽ ആനിമേറ്റർമ്മാരും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**സ്വർഗ്ഗാരോപണതിരുനാൾ**

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാളും, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ഓഗസ്റ്റ് 15-ാം തിയ്യതി സമുചിതമായി കൊണ്ടാടണമെന്ന് ഓർമ്മിപ്പിക്കുന്നു. അന്നേദിവസം പുതിയ അംഗങ്ങളെ ചേർക്കാനും, വ്രതനവികരണം നടത്താനും മെഡലുകൾ വിതരണം ചെയ്യാനും പരിശ്രമിക്കുമല്ലോ..!

**രചനാമത്സരം**

2010-11 സി.എൽ.സി. രൂപതാതല രചനാമത്സരം ഓഗസ്റ്റ് 25-ാം തീയതി ബുധനാഴ്ച രൂപതാ പാസ്റ്റർ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. കഥാ, കവിത ഉപന്യാസം, ക്വിസ് എന്നീ മൽസരങ്ങളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഓഗസ്റ്റ് 15ന് മുൻപായി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സഭാജീവിതം സംഘടനാ പ്രവർത്തനത്തിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കിയാണ് രചനകൾ നടത്തേണ്ടത്. സമയം 10am to 3.30pm

ക്വിസിന് ഉപയോഗിക്കേണ്ട പുസ്തകങ്ങൾ:-

സി.എൽ.സി. ചരിത്രം, ബെനഡിക്ട് മാർപാപ്പയുടെ ചാക്രിക ലേഖനങ്ങൾ, സഭാചരിത്രം, കൂദാശകൾ.

**യൂണിറ്റ് രജിസ്ട്രേഷൻ**

രൂപതാ രജിസ്ട്രേഷൻ നടത്താത്ത എല്ലാ യൂണിറ്റുകളും ഓഗസ്റ്റ് 15ന് മുൻപായി രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിക്കുന്നു. എല്ലാ യൂണിറ്റുകളും 150രൂപ, യൂണിറ്റ് വിഹിതം കൊടുക്കേണ്ടതാണ്.

പ്രാർത്ഥന: ഭാരതസഭ അതിന്റെ തനിമയിൽ നിലനിൽക്കാൻ വേണ്ടി പ്രാർത്ഥിക്കുക.

പഠനം :- ബെനഡിക്ട് 16-ാമൻ പാപ്പയുടെ ജീവചരിത്രം.

പ്രവർത്തനം:- ആത്മീയ സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു പ്രസംഗം തയ്യാറാക്കുക.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.





# കെ.സി.വൈ.എം.

**മിജാർക്ക് - ആഗോളയുവജന സംഗമം**

ആഗോള കത്തോലിക്ക കർഷകയുവജന സംഘടനയായ മിജാർക്കിന്റെ (MIJARC) പരിസ്ഥിതിബോധവത്ക്കരണ പരിപാടികളുടെ ഭാഗമായി ജൂലായ് 24ന് ചാലക്കുടി ഫൊറോന പള്ളിയിൽ വച്ച് ആഗോളയുവജനസംഗമം നടന്നു. രാവിലെ നടന്ന സിമ്പോസിയത്തിലും, ഉച്ചകഴിഞ്ഞ് നടന്ന പൊതുസമ്മേളനത്തിലും റാലിയിലും കെ.സി.വൈ.എം. പാലക്കാട് രൂപതയെ പ്രതിനിധീകരിച്ച് നിരവധി യുവതീയുവാക്കൾ പങ്കെടുത്തു. പ്രസ്തുത പരിപാടി വിജയിപ്പിച്ച എല്ലാ എക്സിക്യൂട്ടീവ് മെമ്പേഴ്സിനും യുവജനസുഹൃത്തുക്കൾക്കും ഒത്തിരി നന്ദി....

**അർദ്ധവാർഷിക സെനറ്റ്**

പ്രവർത്തന വർഷത്തിന്റെ പിന്നിട്ടനാളുകളിലെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, നാളെയുടെ പ്രവർത്തനങ്ങൾക്ക് വ്യക്തത നൽകുന്നതിനുമായി ആഗസ്റ്റ് 28, 29 തീയതികളിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് അർദ്ധവാർഷിക സെനറ്റ് നടക്കുന്നതാണ്. ഓരോ യൂണിറ്റിൽ നിന്നും സെനറ്റിൽ പങ്കെടുക്കുന്ന ഭാരവാഹികൾ യൂണിറ്റ് ഡയറക്ടറച്ചന്റെ സാക്ഷ്യപത്രവുമായി വരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് യൂണിറ്റിന് 200 രൂപയാണ്.

**അംഗത്വമാസാചരണം**

യുവജനദിനാഘോഷങ്ങളുടെ ഭാഗമായി യാക്കര ഹോളിട്രിനിറ്റി ദേവാലയത്തിൽ വച്ചു നടന്ന പൊതുസമ്മേളനത്തിൽ വച്ച് കെ.സി.വൈ.എം പാലക്കാട് ഫൊറോനാ ഡയറക്ടർ ഫാ. ആന്റോ കീറ്റിക്കൽ അംഗത്വമാസാചരണം (ജൂലായ് 10 മുതൽ ആഗസ്റ്റ് 10 വരെ) ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും അംഗത്വ ഫോമുകൾ വിതരണം ചെയ്യുകയും ചെയ്തു.

**യുവജനദിനം ആഘോഷിച്ചു**

യുവജനദിനത്തിന്റെ രൂപതാതല ആഘോഷങ്ങൾ പാലക്കാട് ഫൊറോനയുടെ ആതിഥേയത്വത്തിൽ യാക്കര യൂണിറ്റിൽ വച്ച് ജൂലായ് 11-ാം തിയതി നടന്നു. രാവിലെ 9.30 ന് രൂപതാ പ്രസിഡന്റ് ശ്രീ. ജിനീഷ് കുളത്തിനാൽ കെ.സി.വൈ.എം പതാക ഉയർത്തി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് രൂപതാ ഡയറക്ടർ ഫാ. ആന്റോ തൈക്കാട്ടിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ യുവജനങ്ങൾക്കുവേണ്ടി ദിവ്യബലിയും ബൈബിൾ പ്രതി



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ഷ്ഠയും നടന്നു. ദിവ്യബലിക്കുശേഷം നടന്ന സെമിനാറിന് എറണാകുളം രൂപതാംഗമായ ഫാ. വർഗ്ഗീസ് തൈപ്പറമ്പിൽ നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 2.30ന് രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനത്തിൽ ജോയിന്റ് ഡയറക്ടർ ഫാ. ടോം വടക്കേക്കര ആമുഖ പ്രഭാഷണവും ഡയറക്ടർ ഫാ. ആന്റോ തൈക്കാട്ടിൽ മുഖ്യപ്രഭാഷണവും നടത്തി. ഫാ. ആന്റോ കീറ്റിക്കൽ, ഫാ. ജയ്മോൻ പള്ളിനീരാക്കൽ, രൂപതാ ഭാരവാഹികൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നും നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**നന്ദി...**

പാലക്കാട് രൂപതാതല യുവജനദിനാഘോഷങ്ങൾക്ക് ആതിഥേയത്വം വഹിച്ച പാലക്കാട് ഫൊറോനയ്ക്കും, യാക്കര യൂണിറ്റിനും പ്രത്യേകം നന്ദി... യുവജനങ്ങളെ പങ്കെടുപ്പിച്ച എല്ലാ ഫൊറോനാ ഡയറക്ടർമാർക്കും യൂണിറ്റ് ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും പങ്കെടുത്തുവിജയിപ്പിച്ച എല്ലാ അംഗങ്ങൾക്കും നന്ദി...

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# മാതൃസംഘം

**അർദ്ധവാർഷിക ജനറൽ ബോഡി**

2010 ജൂലൈ 17 ന് അർദ്ധവാർഷിക ജനറൽ ബോഡി നടന്നു. ശ്രീമതി മേരി മേലേപ്പറമ്പിൽ ക്ലാസെടുത്തു. മാതൃസംഘം ഭാവിപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

**ഫൊറോനതല വാർത്തകൾ**

മാതൃസംഘം സാഹിത്യമത്സരങ്ങൾ യൂണിറ്റുകളിലും ഫൊറോനകളിലും നടത്തുമല്ലോ. പ്രസംഗം, പ്രബന്ധം, ക്വിസ് എന്നിവ യൂണിറ്റുകളിൽ നടത്തി തിരഞ്ഞെടുക്കപ്പെടുന്നവർക്കായി ഫൊറോനതലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുക. വിഷയം ഫൊറോനകൾക്ക് തീരുമാനിക്കാം.

**ഷാലോം സിംഗിൾസ്**

നമ്മുടെ ഇടവകകളിൽ വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹം കഴിയാത്തവരും വിവാഹിതരാകാൻ ആഗ്രഹിക്കാത്തവരുമായ സ്ത്രീകളുടെ കൂട്ടായ്മ രൂപതാ തലത്തിൽ സംഘടിപ്പിക്കുന്നു. ഇടവകയിലെ പ്രസ്തുത അംഗങ്ങളുടെ പേരുകളും അഡ്രസും ശേഖരിച്ച് 2010 ആഗസ്റ്റ് 30 നു മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.





**അടുക്കളത്തോട്ട മത്സരം**

2010 സെപ്റ്റംബർ അവസാന ആഴ്ചയിൽ രൂപതാതല വിധിനിർണ്ണയത്തിനായി വരുന്നതാണ്. അതിനു മുമ്പ് ഫൊറോനതല വിധി നിർണ്ണയം നടത്തി രൂപതാതലമത്സരത്തിനുള്ള എൻട്രികൾ 2010 സെപ്റ്റംബർ 25 നു മുമ്പ് ഡയറക്ടറെ അറിയിക്കുക. 09447514068

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# C W W C

**പൗരന്റെ പ്രാധാന്യം**

തിരഞ്ഞെടുപ്പുകളിൽ സമ്മതിദായക അവകാശം വിനിയോഗിക്കാൻ ശ്രദ്ധിക്കുക. നിഷ്ക്രിയത്വം നന്നല്ല. നിതാന്ത ജാഗ്രതയാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനം.

**Lawyer's Association for Legal Advice Palghat (LALAP)**

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നവരും നമ്മുടെ ഇടവക പരിധിയിൽ താമസിക്കുന്നവരുമായ ക്രിസ്തീയരായ അഭിഭാഷകരുടെ കൂട്ടായ്മ സംഘടിപ്പിക്കുവാൻ താല്പര്യമുണ്ട്. കത്തോലിക്കരും അകത്തോലിക്കരുമായ അഡ്വക്കേറ്റ്സിന്റെ പേരുകളും അഡ്രസ്സുകളും ശേഖരിച്ച് CWWC രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. പാലക്കാട് ജില്ലയിലെ നിയമസഹായവേദിയുടെ മുന്നോടിയായി നമ്മുക്ക് ചെയ്യാവുന്ന സേവനം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഒപ്പം സഭാപരമായ ഒരു കൂട്ടായ്മയും പ്രവർത്തനവും ലക്ഷ്യം വയ്ക്കുന്നു. ക്രൈസ്തവ പ്രശ്നങ്ങളോട് അഭിഭാഷകരുടെ പ്രതികരണവേദിയുമായിരിക്കും LALAP.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, CWWC

# സി.എം.എൽ.

**മാതൃപാദങ്ങളിൽ**

ആഗസ്റ്റ്- 1 ഞായർ -ശാഖാ, മേഖല, രൂപതാ സാഹിത്യ മത്സരം ശാഖകളിൽ നടത്തുക.

ആഗസ്റ്റ്- 2 തിങ്കൾ - മുൻ സംസ്ഥാന ഡയറക്ടർ റവ. ഫാ. കുരുവിള പ്ലാന്തോട്ടത്തിന്റെ ചരമദിനം.

ആഗസ്റ്റ് -4 ബുധൻ- വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, വൈദിക ദിനം - ശാഖാ ഡയറക്ടർമാർക്കുവേണ്ടി പ്രാർത്ഥിക്കുക.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ആഗസ്റ്റ് -11 ബുധൻ സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ ഒന്നാം ചരമ വാർഷികം

ആഗസ്റ്റ് -13 വെള്ളി- മുൻ സംസ്ഥാന വൈസ് ഡയറക്ടർ റവ. ഫാ. പെയിൻസ് ജോസഫ് പനച്ചിത്തറയുടെ ചരമ ദിനം.

ആഗസ്റ്റ്-14 ശനി- സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ ചരമ വാർഷികം സംസ്ഥാന തല അനുസ്മരണം. സംസ്ഥാന മാനേജിംഗ് കമ്മിറ്റി പാലാ രൂപതയിലെ ചെമ്മല മറ്റം ശാഖയിൽ

ആഗസ്റ്റ് -15- ഞായർ- പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുനാളും സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിക്കുക.

**മേഖല ഏകദിന സെമിനാറുകൾ**

2010-2011 പ്രവർത്തന വർഷത്തെ കൂടുതൽ ഊർജ്ജസ്വലമാക്കുവാനും എല്ലാ മിഷൻ ലീഗ് പ്രവർത്തനങ്ങൾക്കും ഒത്തൊരുമിക്കുവാനുമായി എല്ലാ മേഖലകളിലും ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. മേഖലാ ഡയറക്ടർമാരും ഭാരവാഹികളും സെമിനാറിന് വേണ്ട ഒരുക്കങ്ങൾ പെ. ബഹു. ഫൊറോന വികാരിമാരുമായി ആലോചന നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. സെമിനാറുകൾ നടത്തപ്പെടുന്ന സ്ഥലം, സമയം, തിയ്യതികൾ എന്നിവ പ്രത്യേകം ശ്രദ്ധിക്കുക. ആഗസ്റ്റ് 9 തിങ്കൾ

**താവളം മേഖല**

സ്ഥലം ഗൂളിക്കടവ്, ഫാത്തിമമാതാചർച്ച്

സമയം 9.30 am- 3.30 Pm

**ആഗസ്റ്റ് 14 ശനി കാഞ്ഞിരപ്പുഴ മേഖല-**

സ്ഥലം കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന പള്ളി 9.30am-3.30 pm

**ആഗസ്റ്റ് 14 മണ്ണാർക്കാട് മേഖല**

സ്ഥലം ഹോളി സ്പിരിറ്റ് ഫൊറോന പള്ളി 9.30 am-3.30 pm

**ആഗസ്റ്റ് 21 ശനി പൊന്നംകോട് മേഖല**

സ്ഥലം മേരിമാതാ ചർച്ച് കല്ലടിക്കോട് 9.30 am to-3.30pm

**ആഗസ്റ്റ് 21 ഒലവക്കോട് മേഖല**

സ്ഥലം- സെന്റ് ജെയിംസ് ദി ഗ്രേറ്റ് പള്ളി, ധോണി 9.30 am- 3.30pm

**ആഗസ്റ്റ് 28 ശനി പാലക്കാട് മേഖല**

സ്ഥലം പാസ്റ്ററൽ സെന്റർ, 9.30am-3.30 pm

**ആഗസ്റ്റ് 28 ഒറ്റപ്പാലം മേഖല**

സ്ഥലം സെന്റ് ജോസഫ്സ് ഫൊറോന പള്ളി ഒറ്റപ്പാലം 9.30 am-3.30pm

**പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മ പദ്ധതി പ്രകാശനവും**

2010-2011 വർഷത്തെ മിഷൻ ലീഗിന്റെ പ്രവർത്തനോദ്ഘാടനം പാലക്കാട് രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബഹു. ശ്രീ കെ.പി ലോറൻസ് നിർവ്വഹിച്ചു. ജൂലൈ 10 ന് പാസ്റ്ററൽ സെന്ററിൽ ചേർന്ന പൊതുയോഗ





ത്തിലായിരുന്നു ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. തദവസരത്തിൽ ബഹു. അരുൺ കലമറ്റത്തിൽ അച്ചൻ പുതിയ കർമ്മ പദ്ധതിയുടെ പ്രകാശനവും നിർവ്വഹിച്ചു. ഈ പൊതു സമ്മേളനത്തിന് നേതൃത്വം നൽകിയ എല്ലാ രൂപതാ ഭാരവാഹികൾക്കും പങ്കെടുത്ത മേഖലാ, ശാഖാ ഭാരവാഹികൾക്കും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

**ആശംസകൾ**

പാലക്കാട് രൂപതയിൽ പുതുതായി രൂപം കൊണ്ട മംഗലം ഡാം, പൊന്നംകോട്, തത്തമംഗലം ഫൊറോനകൾക്കും അവയ്ക്ക് നേതൃത്വം നൽകുന്ന പെ. ബഹുമാനപ്പെട്ട ജോസ് ആലൂക്കാകുന്നേലച്ചനും, പീറ്റർ കരുതുകുളങ്ങര അച്ചനും, ബിജു പ്ലാന്തോട്ടം അച്ചനും ആശംസകളും പ്രാർത്ഥനകളും നേരുന്നു. + സുകൃതജപം എന്റെ അമ്മേ എന്റെ ആശ്രയമേ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി. എം. എൽ.

## സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ആഗസ്റ്റ് | 1-6 | പവർ കോൺഫറൻസ്<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| ആഗസ്റ്റ് | 8-13 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ആഗസ്റ്റ് | 15-20 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 22-27 | സിസ്റ്റേഴ്സിനുള്ള ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 29 - സെപ്റ്റം 3 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647.

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ആഗസ്റ്റ് 1 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ആഗസ്റ്റ് 8 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# നവീകരണ മുന്നേറ്റം

**ഏകദിന ദമ്പതി ധ്യാനം**

ആഗസ്റ്റ് 14-ാം തിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് ഏകദിന ദമ്പതി കൺവെൻഷൻ നടത്തുന്നു.

**ലീഡേഴ്സ് കൂട്ടായ്മ.**

സോൺ തലത്തിൽ പതിവുള്ള ലീഡേഴ്സ് കൂട്ടായ്മ ആഗസ്റ്റ് മാസം 20 വെള്ളിയാഴ്ച (ജാഗരണ പ്രാർത്ഥനയുടെ തലേ വെള്ളിയാഴ്ച) രാവിലെ 10.00 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. എല്ലാ ലീഡേഴ്സും നവീകരണ മുന്നേറ്റത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**ജാഗരണ പ്രാർത്ഥന**

പലക്കാട് സോണൽ കരിസ്മാറ്റിക് സർവ്വീസ് ടീം നേതൃത്വം നൽകുന്ന ജാഗരണ പ്രാർത്ഥന 2010 ആഗസ്റ്റ് 27 വെള്ളി രാത്രി 7.30 മുതൽ പിറ്റേന്ന് രാവിലെ 5.00വരെ പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ വെച്ച് നടത്തുന്നു.





ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിൽ ശ്രീ ബേബി. ജോൺ കലയന്താനി എന്നിവർ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഈ രാത്രിയിൽ നമുക്കെല്ലാവർക്കും ഒരുമിച്ച് പ്രാർത്ഥിക്കാം. അനുഗ്രഹങ്ങൾ പ്രാപിക്കാം.

**ക്രിസ്റ്റീൻ മൂവ്മെന്റ്**

ആഗസ്റ്റ് 14-ാം തിയതി (രണ്ടാം ശനിയാഴ്ച) സെന്റ് റാഫേൽസ് സ്കൂളിൽ വച്ച് കുട്ടികൾക്കായി ഏകദിന ക്രിസ്റ്റിൻ ധ്യാനം ഉണ്ടായിരിക്കും.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# K.C.S.L

**പ്രവർത്തന വർഷം**

കെ. സി. എസ്. എൽ. പ്രവർത്തനവർഷം ജൂലൈ 10-ാം തിയ്യതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ സംസ്ഥാന ഡയറക്ടർ ബഹു. യേശുദാസ് പഴമ്പിള്ളി അച്ചൻ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വച്ച് കലാകായിക പ്രതിഭകൾക്ക് സമ്മാനങ്ങളും പത്ത്, പ്ലസ്ടു ക്ലാസ്സുകളിൽ നിന്ന് എല്ലാ വിഷയത്തിലും A+ വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡുകളും നൽകുകയുണ്ടായി. വിവിധ സ്കൂളുകളിൽ നിന്നുമായി 175 കുട്ടികൾ പങ്കെടുക്കുകയും വിവിധ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**ആനിമേറ്റേഴ്സ് മീറ്റിംഗ്**

ജൂലൈ 10ന് ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് നടന്നു. എല്ലാ സ്കൂളുകളിലെയും ആനിമേറ്റേഴ്സ് പങ്കെടുക്കുകയും ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. പ്രവർത്തന വർഷ ഉദ്ഘാടന സമ്മേളനത്തിൽ കുട്ടികളെ പങ്കെടുപ്പിച്ച ആനിമേറ്റേഴ്സിന് പ്രത്യേകം നന്ദി.

**ബീക്കൺ 2010**

ഓണ അവധിക്കാലത്ത് നടക്കുന്ന കെ.സി.എസ്.എൽ നേതൃത്വ പരിശീലന ക്യാമ്പിലേക്ക് എല്ലാ കൂട്ടുകാരേയും സ്നേഹത്തോടെ ക്ഷണിക്കുന്നു. രജി. ഫീസ് 75 രൂപ.

**സ്കൂൾ സന്ദർശനം**

സ്കൂളുകളിലെ പ്രവർത്തന വർഷ ഉദ്ഘാടനം നന്നായി മുന്നേറുന്നു. സന്ദർശന തിയ്യതി ലഭിക്കാത്തവർ ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ആന്റോ കീറ്റിക്കൽ**
ഡയറക്ടർ, കെ. സി.എസ്.എൽ.

# പി.എസ്.എസ്.പി.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗും, തെരഞ്ഞെടുപ്പും**

4.8.10ന് ബുധനാഴ്ച 11 മണിക്ക് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗും, തെരഞ്ഞെടുപ്പും പി.എസ്.എസ്.പിയിൽ വച്ചു നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.8.10 | തിങ്കൾ | പാലക്കാട്/മലമ്പുഴ | സ്റ്റാർട്ട്, ധോണി | 11 മണി |
| 11.8.10 | ബുധൻ | മണ്ണാർക്കാട് | ദീപ്തി MS വെള്ളത്തോട് | 11 am |
| 12.8.10 | വ്യാഴം | ശ്രീകൃഷ്ണപുരം | ചൈതന്യ MS ആലങ്ങാട് | 11 am |
| 12.8.10 | വ്യാഴം | ആലത്തൂർ | FCC വടക്കുഞ്ചേരി | 11 am |
| 13.8.10 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02 pm |
| 13.8.10 | വെള്ളി | നെന്മാറ | പാരിഷ്ഹാൾ, നെന്മാറ | 11 am |

**റീജിയണൽ ഓഫീസ്**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 17.8.10 | ചൊവ്വ | സാൻജോ ടവ്വർ | 10 am to 2pm |
| 19.8.10 | വ്യാഴം | കരിമ്പ പാരീഷ് ഹാൾ | 11 am to 2 pm |
| 21.8.10 | ശനി | നെന്മാറ പാരീഷ് ഹാൾ | 11 am to 2 pm |

**ഓണാഘോഷം**

പി.എസ്.എസ്.പി. യുടെ ജില്ലാതല ഓണാഘോഷം 20.8.10 ന് വെള്ളിയാഴ്ച വിവിധ പരിപാടികളോടെ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുന്നു. (പൂക്കളമത്സലരം, വടംവലി, കലാപരിപാടികൾ, കായികമത്സരങ്ങൾ, ഓണസദ്യ എന്നിവ നടക്കും.)

**ബ്ലോക്കുതല ഓണാഘോഷം**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം |
|---|---|---|---|
| 9.8.10 | തിങ്കൾ | പാലക്കാട്/മലമ്പുഴ | സ്റ്റാർട്ട്, ധോണി |
| 18.8.10 | വ്യാഴം | മണ്ണാർക്കാട് | പൊന്നംകോട്,പാരിഷ്ഹാൾ |
| 28.8.10 | ശനി | ശ്രീകൃഷ്ണപുരം | സരസ്വതി വിദ്യാമന്ദിരം കുനിപാറ |

**മെഡി ക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും, വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.





**പുതിയതായി രൂപംകൊണ്ട സംഘങ്ങൾ**

| | |
|---|---|
| അൽഫോൻസ അയൽക്കൂടം | നീതിപുരം |
| സെന്റ്ഫ്രാൻസീസ് അയൽക്കൂട്ടം | കടമ്പൂർ |
| അർപ്പിത അയൽക്കൂട്ടം | ഒതുങ്ങോട് (കത്തീഡ്രൽ) |
| തേജസ് അയൽക്കൂട്ടം | വെണ്ണക്കര (കത്തീഡ്രൽ) |
| ഒരുമ അയൽക്കൂട്ടം | തിരുനെല്ലായ് (കത്തീഡ്രൽ) |
| സ്നേഹ അയൽക്കൂട്ടം | തിരുനെല്ലായ് (കത്തീഡ്രൽ) |
| കൃപ അയൽക്കൂട്ടം | തിരുനെല്ലായ് (കത്തീഡ്രൽ) |
| വിപഞ്ചിക അയൽക്കൂട്ടം | ഇരുപ്പക്കാട് |
| പാണ്ടാംകോട് ഫാം ക്ലബ്ബ് | കിഴക്കഞ്ചേരി |
| ഇളവംപാടം ഫാം ക്ലബ്ബ് | ഇളവംപാടം |

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.